# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വരാപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ-ഇകെഎം(പി13)524/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 27/07/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വരാപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് ഏ-ഇകെഎം(പി13)524/22 തീയ്യതി: 27/07/2022

## എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ കെ.ജി. | ജോയിന്റ് ഡയറക്ടർ | 16-03-2022 | 23-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-03-2022 | 23-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.അബ്ദുൾ സലാം.ടി.ഐ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2. ശ്രീ.ഗോപകുമാർ.എം.എസ്, അസി.ഓഡിറ്റ് ഓഫീസർ
3. ശ്രീമതി.വൃന്ദ.സി.എസ്, സീ.ഗ്രേ.ഓഡിറ്റർ
4. ശ്രീമതി.ബെറ്റ്സി.സി.എക്സ്,ഓഡിറ്റർ
5. ശ്രീ.ടിനു.കെ.ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ.എസ്.മുഹമ്മദ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| കൊച്ചുറാണി ജോസഫ് | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ആർ. മഞ്ജുള | സെക്രട്ടറി | 01-04-2020 | 08-06-2020 |
| ബീഗം സൈന ബി. | സെക്രട്ടറി | 09-06-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ലക്ഷ്മി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| കെ.എൽ.ആൽബി | ഹെഡ് മാസ്റ്റർ, ഗവ.യു.പി.എസ്, ചിറക്കകം | 01-04-2020 | 31-03-2021 |
| സൈനബ ബീവി.കെ.പി | അസി.എഞ്ചിനീയർ | 01-04-2020 | 06-01-2021 |
| ബിജി.പി.എസ് | അസി.എഞ്ചിനീയർ | 07-01-2021 | 05-03-2021 |
| രാജീവ് ഗോപാൽ | അസി.എഞ്ചിനീയർ | 06-03-2021 | 31-03-2021 |
| ഡോ.അപ്പു സിറിയക് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.സാജു.എൻ.രാജൻ | മെഡിക്കൽ ഓഫീസർ( ഐ.എസ്.എം) | 01-04-2020 | 31-03-2021 |
| സീന അഗസ്റ്റിൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ഡോ.നമിത നായിക് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| റിനി.സി.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശുഭ.വി.നായർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| സുനിൽകുമാർ.എം.ഡി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ഷെരോൺ ഫെർണാണ്ടസ് | കൃഷി ഓഫീസർ | 01-04-2020 | 01-02-2021 |
| അതുൽ ബി മണപ്പാടൻ | കൃഷി ഓഫീസർ ഇൻ ചാർജ് | 02-02-2021 | 27-02-2021 |
| ചാന്ദിനി.എസ്.എം | കൃഷി ഓഫീസർ | 28-02-2021 | 31-03-2021 |
| ഷെരീഫ് പി.വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-05-2020 |
| ആന്റണി എം.എ. | അസി. സെക്രട്ടറി(ഇൻ ചാർജ്) | 01-06-2020 | 16-06-2020 |
| ജോർജ്ജ് വി. | അസിസ്റ്റന്റ് സെക്രട്ടറി | 17-06-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.S.Gopakumar (Asst. Audit Officer, On 20-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: M.S.Gopakumar (Asst. Audit Officer, On 20-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 20-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: M.S.Gopakumar (Asst. Audit Officer, On 20-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: M.S.Gopakumar (Asst. Audit Officer, On 23-03-2022)<br>Last Updated By: Joby George (Computer Assistant, On 27-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: M.S.Gopakumar (Asst. Audit Officer, On 20-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 1-5 |
| 7 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: M.S.Gopakumar (Asst. Audit Officer, On 20-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 20-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: M.S.Gopakumar (Asst. Audit Officer, On 20-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: M.S.Gopakumar (Asst. Audit Officer, On 20-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 23-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 1-10 |
| 12 | ഗ്രാമസഭ<br>Written By: M.S.Gopakumar (Asst. Audit Officer, On 20-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 1-11 |
| 13 | ഓഡിറ്റ് ഇംപാക്ട്<br>Written By: Vrinda C S (Senior Grade Auditor, On 23-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 1-12 |
| 14 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്<br>Written By: TINU K.J. (Auditor, On 23-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 1-13 |
| 15 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: TINU K.J. (Auditor, On 23-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 1-14 |
| 16 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: TINU K.J. (Auditor, On 23-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 1-15 |
| 17 | ഓഡിറ്റോറിയത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്<br>Written By: TINU K.J. (Auditor, On 23-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 1-16 |
| 18 | കയ്യെഴുത്ത് രസീത് മുഖേനയുള്ള പണം പിരിവ് - അപാകതകൾ<br>Written By: TINU K.J. (Auditor, On 23-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 1-17 |
| 19 | വാടക - ബൈലോ, പൂർണ്ണമായ വിവരങ്ങൾ അടങ്ങിയ വാടക രജിസ്റ്റർ, എന്നിവ | 1-18 |

| | | |
|---|---|---|
| | സൂക്ഷിക്കുന്നില്ല.<br>Written By: Betsy C.X (Auditor, On 24-03-2022)<br>Last Updated By: Joby George (Computer Assistant, On 27-07-2022) | |
| 20 | മരണപ്പെട്ടത് പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടും സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നു.<br>Written By: TINU K.J. (Auditor, On 23-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 1-19 |
| 21 | ഹെഡ്മാസ്റ്റർ, ഗവ.യു.പി.എസ്, ചിറക്കകം നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ<br>Written By: Vrinda C S (Senior Grade Auditor, On 23-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 1-20 |
| 22 | ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം നൽകി<br>Written By: Vrinda C S (Senior Grade Auditor, On 23-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 1-20-1 |
| 23 | തുടർവിദ്യാഭ്യാസ പരിപാടി - മോണിറ്ററിംഗ് നടത്തുന്നില്ല<br>Written By: Vrinda C S (Senior Grade Auditor, On 23-03-2022)<br>Last Updated By: Joby George (Computer Assistant, On 27-07-2022) | 1-20-2 |
| 24 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ<br>Written By: Vrinda C S (Senior Grade Auditor, On 24-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 1-21 |
| 25 | സമയപരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയിട്ടില്ല<br>Written By: Abdul Salam T.I (Audit Officer, On 23-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 1-22 |
| 26 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Betsy C.X (Auditor, On 24-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 1-23 |
| 27 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി./പി.എച്ച്.സി, വരാപ്പുഴ – പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത രീതിയിൽ പദ്ധതി നടപ്പാക്കി.<br>Written By: Betsy C.X (Auditor, On 24-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 1-24 |
| 28 | പാലിയേറ്റീവ് പരിചരണം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Betsy C.X (Auditor, On 24-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 1-25 |
| 29 | വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടൽ നടത്തിപ്പ് -അപാകതകൾ -<br>Written By: M.S.Gopakumar (Asst. Audit Officer, On 24-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 1-26 |
| 30 | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ സംരംഭത്തിനായി ടൂവീലർവാങ്ങി നൽകിയത് - അപാകതകൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 24-03-2022)<br>Last Updated By: Joby George (Computer Assistant, On 27-07-2022) | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | മരണപ്പെട്ടത് പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടും സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം ചെയ്തു<br>Written By: TINU K.J. (Auditor, On 23-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 20-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M.S.Gopakumar (Asst. Audit Officer, On 20-03-2022)<br>Last Updated By: Joby George (Computer Assistant, On 27-07-2022) | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 20-03-2022)<br>Last Updated By: Joby George (Computer Assistant, On 26-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 20-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: M.S.Gopakumar (Asst. Audit Officer, On 20-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: M.S.Gopakumar (Asst. Audit Officer, On 20-03-2022)<br>Last Updated By: Joby George (Computer Assistant, On 27-07-2022) | 4-6 |
| 7 | സ്ഥിരനിക്ഷേപം<br>Written By: M.S.Gopakumar (Asst. Audit Officer, On 20-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: M.S.Gopakumar (Asst. Audit Officer, On 20-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 20-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.S.Gopakumar (Asst. Audit Officer, On 20-03-2022)<br>Last Updated By: Joby George (Computer Assistant, On 27-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 20-03-2022)<br>Last Updated By: Joby George (Computer Assistant, On 25-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-2021 വർഷത്തെ ബജറ്റ് 10.02.2020ാം തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 15.01.2021 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

2020-2021 പുതുക്കിയ ബജറ്റ് പ്രകാരം

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 1704098 | 203859050 | 205563148 | 201802574 | 3760574 |

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, 2020- 2021 വാർഷിക ധനകാര്യപ്പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു.

| | 2020- 2021 പുതുക്കിയ ബജറ്റ് പ്രകാരം | 2020- 2021 വാർഷിക ധനകാര്യപത്രിക ( ഇൻകം & എക്സ്പെൻഡിച്ചർ) പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 20,38,59,050 | 18,74,22,269 | (-)1,64,36,781 |
| ചെലവ് | 20,18,02,574 | 18,46,78,224 | (-)1,71,24,350 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ വരവും തമ്മിൽ 1.64കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ ചെലവും തമ്മിൽ 1.71 കോടി രൂപയുടെയും വ്യത്യാസമുണ്ട്.

വിവിധ നികുതി- നികുതിയേതര വരവുകളിൽ ബജറ്റും, യഥാർത്ഥ വരവും തമ്മിൽ ഗണ്യമായ വ്യത്യാസം ഇല്ലെങ്കിലും, വായ്പായിനത്തിലും, സംസ്ഥാനാവിഷ്കൃത ഗ്രാന്റിനത്തിലും പ്രതീക്ഷിത വരുമാനത്തിൽനിന്നും വളരെ കുറവാണ് യഥാർത്ഥവരവ്. ഇതുമൂലമാണ് ബജറ്റിലെ വരവ് കണക്കുകളുമായി യഥാർത്ഥ വരവിന് വലിയ വ്യത്യാസം വന്നിരിക്കുന്നത് എന്ന് വ്യക്തമാകുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2021 | 24/07/2021 | - | - |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കി പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

3. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

4.പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

5. കേരള പഞ്ചായത്ത് രാജ് ( അക്കൗണ്ട്സ് ) ചട്ടങ്ങൾക്കും, GO(P) 152/2011/LSGD തീയതി. 26/07/2011 നമ്പർ സർക്കാർ ഉത്തരവ് മുഖേന നിലവിൽ വന്ന അക്കൗണ്ടിംഗ് പോളിസിയിലെ മാനദണ്ഡങ്ങൾക്കും വിരുദ്ധമായി

വികസന ഫണ്ട് ഉൾപ്പെടെയുള്ള സ്പെഷ്യൽ പർപ്പസ് ഫണ്ടുകൾ മൂലധന ആസ്തി നിർമ്മാണത്തിനായി ഉപയോഗിക്കപ്പെടുകയാണെങ്കിൽ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റേണ്ടതാണ്. ഇവിടെ ആസ്തി സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,90,36,623.80 |
| വരവ് | 9,77,89,928.00 |
| ആകെ | 11,68,26,551.80 |
| ചെലവ് | 9,86,10,432.00 |
| നീക്കിയിരിപ്പ് | 1,82,16,119.80 |

| | |
|---|---|
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | 9500.00 |
| തടസ്സപ്പെടുത്തിയ തുക | 1010255.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 19718380 | 19718380 | 14652868 | 0 | 5065512 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2270000 | 2270000 | 1954315 | 0 | 315685 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 107000 | 107000 | 107000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 16820000 | 16820000 | 16820000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3737807 | 3737807 | 3728219 | 0 | 9588 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 9415067 | 9415067 | 8344335 | 0 | 1070732 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 5070000 | 5070000 | 799795 | 0 | 4270205 |
| കേന്ദ്രാവിഷ്കൃതഫണ്ട്- | | | | | | |
| എൻ.ആർ.ഇ.ജി.എസ് 320 100 101-Admin.Exp EFMS | 50 | 1670384 | 1670434 | 1205882 | 464552 | |
| | 0 | 16109470 | 16109470 | 16109470 | 0 | |
| ICDS- 320 100 121 | 148040 | 821095 | 969135 | 592491 | 376644 | |
| BSUP-320 100 114 | 507421 | 13942 | 521363 | 0 | 521363 | |
| Solid Waste Management - 320 100 203 | 132400 | 1105276 | 1237676 | 958744 | 278932 | |
| 320 100 204 MP Fund | 32 | 0 | 32 | 0 | 32 | |
| Pension Fund - Central Share 320 100 199 | 94482 | 0 | 94482 | 0 | 94482 | |
| സംസ്ഥാനാവിഷ്കൃതഫണ്ട്- | | | | | | |
| 320 200 304 പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് നിർമ്മാണം | 1000000 | 0 | 1000000 | 390500 | 609500 | |
| 320 200 309 സാക്ഷരതാ മിഷൻ ഫണ്ട് | 3642 | 104 | 3746 | 0 | 3746 | |
| 320 200 399 വിമുക്തി | 18000 | 0 | 18000 | 0 | 18000 | |
| 320 200 322 ശുചിത്വ മിഷൻ ഫണ്ട് | 0 | 1644116 | 1644116 | 160000 | 1484116 | |

| | | | | | | |
|---|---|---|---|---|---|---|
| 320 300 103 സമ്പൂർണ്ണ ശുചിത്വം | 1741000 | 0 | 1741000 | 187819 | 1553181 | |
| 320 300 199 ആശ്രയ | 480500 | 1395698 | 1876198 | 1395698 | 480500 | |
| | | | | | | |

സോളിഡ് വെയ്സ്റ്റ് മാനേജ്മെന്റ് ഫണ്ട് ലഭിച്ചതിൽ ചെലവഴിച്ചത് കിഴിച്ച് ബാക്കി തുക 278932/- രൂപയാണ്. ശുചിത്വമിഷൻ ഫണ്ട് ലഭിച്ചതിൽ ചെലവഴിച്ചത് കിഴിച്ച് ബാക്കി തുക 1484116/-രൂപയാണ്. ടി തുകകൾ ബി-4 ഷെഡ്യൂളിൽ 320100103 എന്ന ഹെഡ്ഡിൽ ആകെ നീക്കിയിരിപ്പ് 1763048/-(278932 +1484116) ആയിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

പഞ്ചായത്തിന് വിവിധ കേന്ദ്രാവിഷ്കൃത - സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുവേണ്ടി മുൻവർഷങ്ങളിലും, തൻവർഷവും കിട്ടിയ ഗ്രാന്റുകൾ ഒട്ടുംതന്നെ ചെലവാകാതെ അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുന്ന സ്ഥിതിവിശേഷം കാണുന്നുണ്ട്. ഉദാഹരണമായി സമ്പൂർണ്ണ ശുചിത്വം ഫണ്ടിനത്തിൽ മുൻസാമ്പത്തികവർഷം ലഭ്യമായതിൽ 15,53,181/- രൂപയും, ഖരമാലിന്യ നിർമ്മാർജ്ജന പരിപാടിക്കായി തൻവർഷം ലഭിച്ച തുകയിൽ നിന്ന് ചെലവ് കിഴിച്ച് 17,63,048 തൻവർഷം ചെലവാകാതെ നീക്കിയിരുപ്പുണ്ട്. മേൽപ്പറഞ്ഞ ഫണ്ടുകൾ പ്രസ്തുത പ്രൊജക്ടുകൾക്കു വേണ്ടി ചെലവാക്കുകയോ, അല്ലെങ്കിൽ ഫണ്ട് അനുവദിച്ച ഏജൻസിയുമായി ബന്ധപ്പെട്ട് തുക തിരികെ നൽകാൻ വേണ്ട നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | ചെലവഴിക്കാതെ ലാപ്സായ തുകയുടെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 19718380 | 14652868 | 5065512 | 25.69 |
| വികസന ഫണ്ട് (എസ്.സി.പി) | 2270000 | 1954315 | 315685 | 13.91 |
| വികസനഫണ്ട് (ടി.എസ്.പി) | 107000 | 107000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 16820000 | 16820000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3737807 | 3728219 | 9588 | 0.26 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 9415067 | 8344335 | 1070732 | 11.37 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 5070000 | 799795 | 4270205 | 84.22 |

2020-2021 സാമ്പത്തിക വർഷം ബജറ്റ് പ്രകാരം ഗ്രാമപഞ്ചായത്തിന് അലോട്ട് ചെയ്ത ഗ്രാന്റുകളിൽ വികസന ഫണ്ട് (ജനറൽ), ധനകാര്യ കമ്മീഷൻ അവാർഡ് (Tied) എന്നീ ഇനങ്ങളിലൊഴിച്ച് ബാക്കി എല്ലാ ഫണ്ടിനങ്ങളിലും 75 ശതമാനത്തിലധികം തുകയും ചെലവായിട്ടുണ്ട്. ഈയിനത്തിലുള്ള ഫണ്ടുകളുടെ വിനിയോഗത്തിൽ കുറവ് വന്നതിന് കാരണം കണ്ടെത്തി തുടർവർഷങ്ങളിൽ ഈ അപാകത പരിഹരിക്കുന്നതിനുള്ള ഊർജ്ജിതശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 238 | 107854677 | 163 | 67656633 | 41 | 34 | 68.48% |

34 പ്രൊജക്ടുകൾ തൻവർഷം നടപ്പാക്കാതെ ഉപേക്ഷിക്കേണ്ടിവന്നിരുന്നു. ഭാഗികമായി നടപ്പാക്കിയ പദ്ധതികൾ 2021-22 സാമ്പത്തികവർഷം സ്പിൽഓവറായി നിർവ്വഹണം നടത്തിയിട്ടുണ്ട്.

## 1-6 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 50 | 1670384 | 1670434 | 1205882 | 464552 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 16109470 | 16109470 | 16109470 | 0 |
| ആകെ | 50 | 17779854 | 17779904 | 17315352 | 464552 |

| തൊഴിൽ കാർഡ് നല്കപ്പെട്ടവർ | | | | തൊഴിൽ ആവശ്യപ്പെട്ട വരുടെ എണ്ണം | തൊഴിൽ നല്കപ്പെട്ടവരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവരുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|
| ജനറൽ | പട്ടിക ജാതി | പട്ടിക വർഗ്ഗം | ആകെ | | | ജനറൽ | പട്ടിക ജാതി | പട്ടിക വർഗ്ഗം | ആകെ | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 2298 | 116 | 2 | 2416 | 614 | 590 | 43347 | 1823 | 29 | 45199 | 338 |

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 104 |
| പൂർത്തീകരിച്ച ആകെ പ്രവൃത്തികൾ | 99 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5760 | 8 |
| കർഷകതൊഴിലാളി പെൻഷൻ | 5117200 | 256 |
| വിധവാപെൻഷൻ | 20812300 | 1027 |
| വാർദ്ധക്യകാലപെൻഷൻ | 43630000 | 2496 |
| വികലാംഗപെൻഷൻ | 5868000 | 253 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1158500 | 58 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 180000 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21/03/2022 ന് ഗ്രാമപഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 60,144/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്.
താഴെപ്പറയുന്ന സംഗതികളിൽ പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. നിർവ്വഹണഉദ്യോഗസ്ഥർക്ക് നല്കുന്ന രസീതുബുക്കുകളിൽ പലതിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

2. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

4.പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

5.ഇ-ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവർത്തികൾക്ക് കരാർ നൽകുമ്പോൾ ലഭിക്കേണ്ട, ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യപ്പെട്ട തുക തിരികെ ലഭിക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.
6. 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പ്രസ്തുത നിധിയിലേക്ക് ധനസമാഹരണം നടത്തി അതിൽ നിന്നും ദുരിതമനുഭവിക്കുന്നവർക്ക് സഹായം നൽകുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

7. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

8. കമ്മിറ്റി തീരുമാനമെടുത്ത് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ടെങ്കിലും അപേക്ഷകളിലൊന്നും തന്നെ മൂലധനനിക്ഷേപം എത്രയാണെന്ന് രേഖപ്പെടുത്തുന്നില്ല. ഇത്

ശരിയായ നടപടിയല്ല.

9. പ്രോജക്ടുകൾക്കുള്ള ഗുണഭോക്തൃലിസ്റ്റ് രൂപീകരിക്കുമ്പോൾ, വാർഡ് തലത്തിൽ ഗ്രാമസഭ തയ്യാറാക്കുന്ന മുൻഗണനാലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിലാണ് അർഹത കണക്കാക്കേണ്ടത്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.12.2021 | 01.04.2021 മുതൽ 31.09.2021 വരെ | റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.08.2016 | 2011-12മുതൽ 2015-16വരെ | 07.10.2016 |

## 1-11 ഗ്രാമസഭ

2020-21 സാമ്പത്തിക വർഷം കോവിഡ് മഹാവ്യാധി മൂലം വരാപ്പുഴ ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള 16 ഗ്രാമസഭകൾ നിയമ പ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരാൻ സാധിച്ചിട്ടില്ല. 2020-2021 സാമ്പത്തിക വർഷം ഒരു തവണ മാത്രമാണ് യോഗം ചേർന്നത്. വിശദവിവരം താഴെ ചേർക്കുന്നു.

| യോഗം ചേർന്ന മാസം | യോഗത്തിന്റെ അജണ്ട |
|---|---|
| 2021 ഫെബ്രുവരി | 1. 2021-22 പദ്ധതി രൂപീകരണ നിർദ്ദേശങ്ങൾ<br>2. 2020-21 വാർഷിക പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് സാധൂകരണം<br>3. റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്<br>4. ജൽജീവൻ പദ്ധതി ഗുണഭോക്തൃ തെരഞ്ഞെടുപ്പ്<br>5. MGNREGS 2020-21 ഗുണഭോക്തൃ ലിസ്റ്റ് സാധൂകരണം, ലേബർ ബഡ്ജറ്റ്, ആക്ഷൻ പ്ലാൻ അംഗീകാരം, മോണിറ്ററിംഗ് & വിജിലൻസ് സമിതി രൂപീകരണം |

## 1-12 ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് വേളയിൽ വിവിധ ഓഡിറ്റ് എൻക്വയറികളിലൂടെ അധികം നൽകിയ തുകകൾ തിരികെ അടവാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| എൻക്വയറി നം/ തിയതി | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | അടവാക്കിയ തുക | രസീത് നം/ തിയതി | റിമാർക്സ് |
|---|---|---|---|---|
| 4/19.03.2022 | വെറ്ററിനറി സർജൻ | 900 | 1210106749/ G070202, 19.03.2022 | വെറ്റിനറി സർജൻ തൻവർഷം താറാവ് വിതരണം ജനറൽ(പ്രോജക്ട് നം.39), താറാവ് വിതരണം എസ്.സി (പ്രോജക്ട് നം.40) എന്നീ പ്രോജക്ടുകൾ നടപ്പാക്കിയിരുന്നു. ഗുണഭോക്തൃ വിഹിതം ഉൾപ്പെട്ടിട്ടുള്ള ടി പ്രോജക്ടുകളിൽ 3 എസ് സി ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കിയിരുന്ന 900 രൂപ (3X300) 2 പ്രാവശ്യം തെറ്റായി നിർവ്വഹണോദ്യോഗസ്ഥന്റെ അക്കൗണ്ടിലേയ്ക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിച്ചിരുന്നു. അധികമായി വെറ്റിനറി സർജന്റെ അക്കൌണ്ടിൽ ലഭ്യമായ 900 രൂപ താറാവ് കുഞ്ഞുങ്ങളെ സപ്ലൈ ചെയ്ത സപ്ലയർക്ക് നൽകിയിരുന്നു. തനത് ഫണ്ടിൽ നിന്ന് അധികമായി ചെലവായ തുക നിർവ്വഹണോദ്യോഗസ്ഥ അടവാക്കിയിട്ടുണ്ട്. |
| 14 Dt 22/03/2022 | അസിസ്റ്റന്റ് എഞ്ചിനീയർ | 200/- | 1210106908/ 23.3.22 | ജി.ഒ.പി. 429/15/ഫിൻ തിയതി 28.9.2015 പ്രകാരം ടെണ്ടർ ഫീസ് പുതുക്കിയിട്ടുണ്ട്. ഇതു പ്രകാരം പത്ത് ലക്ഷം മുതൽ ഒരു കോടി രൂപ വരെ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്ക് ഈടാക്കേണ്ട ടെണ്ടർ ഫീസ് 2500/- രൂപയാണ്. എന്നാൽ കുറവ് നിരക്കിലാണ് ടെണ്ടർ ഫീസ് |

| | | | | |
|---|---|---|---|---|
| | | | | ഈടാക്കിയിരുന്നത്. ടി തുക ഇപ്പോൾ അടവാക്കി. |
| " | " | 300/- | 1210106913/ 23.3.22 | " |
| " | " | 200/- | 1210106914/ 23.3.22 | " |
| " | " | 5055/- | 1210106912/ 23.3.22 | 15/21 അരമന റോഡ് റീടാറിങ്-ബിറ്റുമെന്റെ കാലി ബാരലിന്റെ വില കുറയ്ക്കാതെയാണ് ഫൈനൽ ബിൽ തുക നല്കിയിരുന്നത്. ഓഡിറ്റ് എൻക്വയറിയെ തുടർന്ന് അടവാക്കി. |
| 12/22.03.2022 | സെക്രട്ടറി | 500 | 1210106672/ G070202/ 18.03.2022 | 2020-21 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീസിനോടൊപ്പം മെഷിനറി ഫീസ് ഈടാക്കിയതിൽ കുറവ് വന്ന 500/-രൂപ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് അടവാക്കി. |

## 1-13 വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

താഴെ ചേർത്ത കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം 100 ച.മീറ്ററിന് മുകളിലാണ്. എന്നാൽ സഞ്ചയയിൽ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ, എന്ന ഉപയോഗക്രമമാണ് ഇവക്ക് നൽകിയിരിക്കുന്നത്. ഈ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 30 രൂപ/ച.മീറ്ററും, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ, എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 50 രൂപ/ച.മീറ്ററുമാണ് വസ്തുനികുതി നിരക്കായി വരാപ്പുഴ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ ഈ കെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗക്രമം നൽകിയത് മുഖേന താഴെ ചേർത്ത പ്രകാരം വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് ഉണ്ടായിട്ടുണ്ട്.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച.മീ) | 30 രൂപ/ച.മീറ്റർ പ്രകാരം ഈടാക്കിയ വസ്തുനികുതി | 50 രൂപ/ ച.മീറ്റർ പ്രകാരം ഈടാക്കേണ്ട വസ്തുനികുതി | കുറവ് (പ്രതി വർഷം) | നികുതി നിർണ്ണയിച്ച വർഷം | കുറവ് 2021 വരെ |
|---|---|---|---|---|---|---|---|---|
| 1 | 2/226 C | തോമസ് ചേക്കാടൻ, ഡെയ്സി തോമസ്, ചിറക്കകം നോർത്ത്, | 184.18 | 5525.4 - 552.54 (മേഖല 10% ഇളവ്) + 1105.08 (വഴി സൌകര്യം 20% വർദ്ധനവ്) = 6078 | 9209 - 920.9 + 1841.8 = 10130 | 4052/- | 2015 | 28364/- |
| 2 | 14/51 A | ബീന പൌലോസ്, പൌലോസ് ജോസഫ്, തളിയത്ത്, ചിറക്കകം | 153.84 | 4615.2 + 923.04 (വഴി സൌകര്യം 20% വർദ്ധനവ്) - 276.95 (ബഹുനില വാണിജ്യാവശ്യം 5% ഇളവ്) = 5263 | 7692 + 1538.4 - 461.52 = 8769 | 3583/- | 2015 | 25081/- |
| 3 | 14/51 B | ബീന പൌലോസ്, പൌലോസ് ജോസഫ്, തളിയത്ത്, ചിറക്കകം | 153.84 | 4615.2 + 923.04 (വഴി സൌകര്യം 20% വർദ്ധനവ്) - 553.9 (ബഹുനില വാണിജ്യാവശ്യം 10% ഇളവ്) = 4985 | 7692 + 1538.4 - 923.04 = 8307 | 3476/- | 2015 | 24332/- |
| 4 | 16/255 B | ആന്റണി തട്ടാശ്ശേരി, ദേവസ്വംപാടം | 114.93 | 3447.9 - 344.79 (മേൽക്കൂര 10% ഇളവ്) - 344.79 (മേഖല 10% ഇളവ്) = 2759 | 5746.5 - 574.65 - 574.65 = 4597 | 1838/- | 2016 | 11028/- |
| | | | | ആകെ | | 12949/- | | 88805/- |

മേൽ അപാകത സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (9/21-3-2022) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. യഥാർത്ഥ ഉപയോഗക്രമം നിശ്ചയിച്ച് വസ്തുനികുതി ശരിയായി നിർണ്ണയിച്ച് കുറവായി ഈടാക്കിയ തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-14 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

വരാപ്പുഴ ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ-5/19-3-2022) ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന മറുപടി ലഭ്യമായിട്ടുണ്ട്. ആയത് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | തളിയത്ത് ബാങ്കേഴ്സ് വരാപ്പുഴ | I, II |
| 2 | പാനിക്കളം ഫൈനാൻസിയേഴ്സ് | I, II |
| 3 | തളിയത്ത് ബ്രദേഴ്സ് ഗോൾഡ് ലോൺ | I, II |
| 4 | ഫ്രണ്ട്സ് എന്റർപ്രൈസസ് സ്വർണ്ണ പണയം | I, II |
| 5 | പി എസ് മോട്ടോഴ്സ് യമഹ വരാപ്പുഴ | I, II |
| 6 | തിയായി മോട്ടോഴ്സ് (ഇലക്ട്രിക് വീൽസ്) | I, II |
| 7 | നീതി ലബോറട്ടറി വരാപ്പുഴ | I, II |
| 8 | മണവാളൻ ബാങ്കേഴ്സ് ഗോൾഡ് ലോൺ, ചെട്ടിഭാഗം വരാപ്പുഴ | I, II |
| 9 | കണ്ണാട്ട് ഗോൾഡ് ലോൺ, ചെട്ടിഭാഗം വരാപ്പുഴ | I, II |
| 10 | വിതയത്തിൽ ഫിനാൻസ് ഗോൾഡ് ലോൺ, ചെട്ടിഭാഗം വരാപ്പുഴ | I, II |
| 11 | തളിയത്ത് ബ്രദേഴ്സ് ഗോൾഡ്ലോൺ, ചെട്ടിഭാഗം വരാപ്പുഴ | I, II |
| 12 | പി എസ് വി കുറീസ്, ചെട്ടിഭാഗം വരാപ്പുഴ | I, II |
| 13 | ന്യൂ ഇന്ത്യ അഷ്വറൻസ്, ചെട്ടിഭാഗം വരാപ്പുഴ | I, II |
| 14 | വെസ്റ്റേൺ യൂണിയൻ മണി ട്രാൻസ്ഫർ, ചെട്ടിഭാഗം വരാപ്പുഴ | I, II |
| 15 | ഏഷ്യാനെറ്റ് ഡിജിറ്റൽ നെറ്റ് വർക്ക് ,ചെട്ടിഭാഗം വരാപ്പുഴ | I, II |
| 16 | ജിയോ വി പി എൽ ഫിനാൻസ്, ചെട്ടിഭാഗം വരാപ്പുഴ | I, II |
| 17 | പുതുശ്ശേരി എന്റർപ്രൈസസ് ഗോൾഡ് ലോൺ | I, II |
| 18 | ബി എസ് ഗോൾഡ് ഫിനാൻസ്, ചെട്ടിഭാഗം വരാപ്പുഴ | I, II |

2) പാരാമെഡിക്കൽ ലൈസൻസ് പുതുക്കിയ താഴെ ചേർത്ത പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(നമ്പർ-5/19-3-2022)ക്ക് ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട് ആയത് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | പാരാമെഡിക്കൽ രജിസ്ട്രേഷൻ നമ്പർ | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | പാരാമെഡിക്കൽ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | A1 - 1/2020-21 | രേഖപ്പെടുത്തിയിട്ടില്ല | സെന്റ് ആന്റണീസ് ഡയഗ്നോസ്റ്റിക്സ് വരാപ്പുഴ | ഡോക്ടർമാർ = 3 |
| 2 | A1 - 2/2020-21 | 3/429 | ഇൻഫന്റ് ജീസസ് ഡയഗ്നോസ്റ്റിക് സെന്റർ പുത്തൻപള്ളി, വരാപ്പുഴ | രേഖപ്പെടുത്തിയിട്ടില്ല |
| 3 | A1 - 3/2020-21 | രേഖപ്പെടുത്തിയിട്ടില്ല | മുളവരിക്കൽ ഡെന്റൽ ക്ലിനിക്ക്, വരാപ്പുഴ | ഡോക്ടർ = 1<br>മറ്റ് ജീവനക്കാർ = 1 |
| 4 | A1 - 4/2020-21 | രേഖപ്പെടുത്തിയിട്ടില്ല | വരാപ്പുഴ മെഡിക്കൽ സെന്റർ വരാപ്പുഴ | ഡോക്ടർ = 1<br>നഴ്സിംഗ് അസിസ്റ്റന്റ് = 2<br>ലാബ് ടെക്നീഷ്യൻ = 1 |

| | | | | |
|---|---|---|---|---|
| | | | | കൌണ്ടർ ക്ലർക്ക് = 1 |
| 5 | A1 - 5/2020-21 | രേഖപ്പെടുത്തിയിട്ടില്ല | തളിയത്ത് ഡെന്റൽ ക്ലിനിക്ക് വരാപ്പുഴ | ഡോക്ടർ = 2<br>മറ്റ് ജീവനക്കാർ = 3 |
| 6 | A1 - 6/2020-21 | 3/438,430 | ഹോമിയോ ഹോസ്പിറ്റൽ , പുത്തൻപള്ളി ജംഗ്ഷൻ, വരാപ്പുഴ | രേഖപ്പെടുത്തിയിട്ടില്ല |
| 7 | A1 - 7/2020-21 | 3/444 | തളിയത്ത് ഡെന്റൽ ക്ലിനിക്ക് പുത്തൻപള്ളി | രേഖപ്പെടുത്തിയിട്ടില്ല |
| 8 | A1 - 10/2020-21 | 7/332 | മണപ്പുറം ഹെൽത്ത്കെയർ ലിമിറ്റഡ് | മറ്റ് ജീവനക്കാരുടെ എണ്ണം = 1<br>സ്ഥാപനം നടത്തുന്നത് = ഡോ.പി.ഡി പ്രസന്നൻ |
| 9 | A1 - 11/2020-21 | 14/56 | പ്രോവിഡൻസ് ഐ കെയർ, വടക്കുംചേരി ബിൽഡിംഗ്, ചിറക്കകം | രേഖപ്പെടുത്തിയിട്ടില്ല |

3) F.T.E.O ലൈസൻസ് എടുത്ത താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. തൊഴിൽനികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(നമ്പർ-5/19-3-2022)ക്ക് ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ നമ്പർ | കെട്ടിട നമ്പർ |
|---|---|---|---|
| 1 | വിതയത്തിൽ ജ്വല്ലേഴ്സ് | 146 | 14/101 |
| 2 | മംഗലത്ത് ജ്വല്ലറി | 245 | 14/167 |
| 3 | ഊക്കൻസ് ജ്വല്ലറി | 257 | 14/592 |
| 4 | മരിയ ജ്വല്ലറി | 276 | 8/5 |
| 5 | സുരഭി ക്രെഡിറ്റ്സ് | 325 | 14/544 |
| 6 | സായ് ഹീറോ | 326 | 3/24 C |
| 7 | ലാവണ്യ ജ്വല്ലറി | 338 | 3/618 |
| 8 | എസ് എം ഓട്ടോമൊബൈൽസ് | 366 | 2/281 A |
| 9 | പറപ്പിള്ളി എന്റർപ്രൈസസ് | 406 | 1/2 D |
| 10 | ആര്യഭംഗി ഹോണ്ട | 408 | 4/224 A |
| 11 | അമൽ ഇന്ത്യ ട്രാവൽസ് | 556 | 4/51 |
| 12 | കവിത ജ്വല്ലറി | 725 | 14/125 |
| 13 | കേയാർ ഗോൾഡ് ജ്വല്ലറി | 411 | 14/28 |
| 14 | ജെ എസ് എന്റർപ്രൈസസ് ഗോൾഡ് ലോൺ | 615 | 3/626 |
| 15 | കേയാർ അസോസിയേറ്റ്സ് | 412 | 3/374 B |
| 16 | ജിയോ പ്രിന്റേഴ്സ് | 421 | 4/379 B |
| 17 | Securever Technologies | 424 | 8/25 G |
| 18 | കോംടെക് സിസ്റ്റംസ് സൊല്യൂഷൻസ് | 426 | 2/460 |
| 19 | അനഘശ്രീ ലോജിസ്റ്റിക്സ് & ട്രാവത്സ് | 431 | 14/1006 E |
| 20 | സഹകരണ മെഡിക്കല് ലാബ് | 469 | 14/254 |
| 21 | VOLTEMP MEP സൊല്യൂഷൻസ് | 493 | 14/968 |
| 22 | പി ബി എന്റർപ്രൈസസ് കൊറിയർ സർവീസ് | 529 | 3/467 |
| 23 | പി എസ് ടെക്നോളജീസ് | 561 | 14/395 |
| 24 | ഗ്ലെൻ ഹോളിഡേ ടൂർസ് & ട്രാവൽസ് | 660 | 7/55 D |
| 25 | Jewel Traders | 662 | 7/4 |
| 26 | വൊഡാഫോൺ ഐഡിയ ലിമിറ്റഡ് | 688 | 7/501 A |
| 27 | വിതയത്തിൽ ജ്വല്ലറി | 697 | 14/674 |

4) വാർഷിക ധനകാര്യ പത്രികയും തൊഴിൽ നികുതി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ആകെ

ഈടാക്കിയ തൊഴിൽ നികുതി = 1056800 രൂപ

I & E പ്രകാരം = 1064204 രൂപ

വ്യത്യാസം = 7404/-

7404/- രൂപ തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്താതെ ജീവനക്കാരിൽ നിന്ന് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നും ഹെഡ് മാറി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദീകരണം നൽകേണ്ടതാണെന്നും സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നമ്പർ-5/19-3-2022) ക്ക് മറുപടി ലഭ്യമായില്ല. തൊഴിൽ നികുതി രജിസ്റ്ററിൽ ഡിസിബി സംക്ഷിപ്തമായി ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ 1066350 രൂപ ഡിമാന്റ്, കളക്ഷൻ ആയി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. I & E പ്രകാരമുള്ളതിൽ നിന്ന് വ്യത്യാസമുണ്ട്. ആയത് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നമ്പർ-5/19-3-2022) ക്ക് മേൽ വിഷയത്തിന്മേൽ മറുപടി ലഭ്യമായില്ല.

5) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, ആധാരം എഴുത്ത് സ്ഥാപനങ്ങൾ, കമ്പ്യൂട്ടർ സെന്ററുകൾ, സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-15 സ്ഥാപന തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

താഴെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഇവയിൽ നിന്ന് സ്ഥാപന തൊഴിൽനികുതി ഈടാക്കിയതായി സ്ഥാപനതൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/19-3-2022) ഈ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽനികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയത് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | വരാപ്പുഴ സർവീസ് കോ ഓപറേറ്റീവ് ബാങ്ക് | I, II |
| 2 | കൊച്ചിൻ ഫിനാൻസ് കോർപറേഷൻ | I, II |
| 3 | എം സിനിമാസ് | I, II |
| 4 | പുതുശ്ശേരി എന്റർപ്രൈസസ് ഗോൾഡ് ലോൺ | I, II |
| 5 | മണവാളൻ ബാങ്കേഴ്സ് ഗോൾഡ് ലോൺ, ചെട്ടിഭാഗം വരാപ്പുഴ | I, II |
| 6 | കണ്ണാട്ട് ഗോൾഡ് ലോൺ, ചെട്ടിഭാഗം വരാപ്പുഴ | I, II |
| 7 | വിതയത്തിൽ ഫിനാൻസ് ഗോൾഡ് ലോൺ, ചെട്ടിഭാഗം വരാപ്പുഴ | I, II |
| 8 | തളിയത്ത് ബ്രദേഴ്സ് ഗോൾഡ്ലോൺ, ചെട്ടിഭാഗം വരാപ്പുഴ | I, II |
| 9 | പി എസ് വി കുറീസ്, ചെട്ടിഭാഗം വരാപ്പുഴ | I, II |
| 10 | ന്യൂ ഇന്ത്യ അഷ്വറൻസ്, ചെട്ടിഭാഗം വരാപ്പുഴ | I, II |
| 11 | വെസ്റ്റേൺ യൂണിയൻ മണി ട്രാൻസ്ഫർ, ചെട്ടിഭാഗം വരാപ്പുഴ | I, II |
| 12 | ഏഷ്യാനെറ്റ് ഡിജിറ്റൽ നെറ്റ് വർക്ക് ,ചെട്ടിഭാഗം വരാപ്പുഴ | I, II |
| 13 | ജിയോ വി പി എൽ ഫിനാൻസ്, ചെട്ടിഭാഗം വരാപ്പുഴ | I, II |
| 14 | ബി എസ് ഗോൾഡ് ഫിനാൻസ്, ചെട്ടിഭാഗം വരാപ്പുഴ | I, II |

## 1-16 ഓഡിറ്റോറിയത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

വരാപ്പുഴ എടമ്പാടം സെന്റ് തോമസ് ചർച്ച് വികാരിയുടെ ഉടമസ്ഥതയിലുള്ള 9/231 A കെട്ടിടനമ്പറിലുള്ള ഓഡിറ്റോറിയത്തിന്റെ കെട്ടിടനികുതി പഞ്ചായത്ത് നിർണ്ണയിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഉപയോഗ ക്രമം | തറ വിസ്തീർണ്ണം | അടിസ്ഥാന വസ്തുനികുതി | ഇളവ് / വർദ്ധനവ് | വസ്തുനികുതി | നിർണ്ണയിച്ച വർഷം |
|---|---|---|---|---|---|
| അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, കല്ല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തീയേറ്റർ | 298.5 (ച.മീ) | 8955 | ഇളവ് = 895.5 (10% മേൽക്കൂര) വർദ്ധനവ് = ഇല്ല | 8060 | 2015 |

Form6 ൽ കെട്ടിടം സ്ഥിതി ചെയ്യുന്ന/കെട്ടിടത്തിന്റെ സമീപത്തുള്ള റോഡിന്റെ പേരായി രേഖപ്പെടുത്തിയിരിക്കുന്നത് പി.ഡബ്ല്യു.ഡി റോഡ് എന്നാണ്. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം പി എച്ച്

ജംഗ്ഷനിൽ നിന്നും ചേന്നൂർ വരെയുള്ള 8.5 മീറ്റർ വീതിയുള്ള റോഡിൽ നിന്നുള്ള പ്രവേശന മാർഗ്ഗം കെട്ടിടത്തിനുണ്ട്. 2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6 പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നുള്ള പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് വഴിസൌകര്യം ഇനത്തിൽ 20% അടിസ്ഥാന വസ്തുനികുതിയിൽ വർദ്ധനവ് വരുത്തേണ്ടതാണ്. എന്നാൽ മേൽകെട്ടിടത്തിന് ഈ വർദ്ധനവ് വരുത്തിയിട്ടില്ല. മേൽ വർദ്ധനവ് അടിസ്ഥാന വസ്തുനികുതിയിൽ വരുത്താത്തതിനാൽ പ്രതിവർഷം 1791 രൂപ വീതവും 2021 വരെ 12537 രൂപയും കുറവായാണ് ഈ കെട്ടിടത്തിൽ നിന്നും വസ്തുനികുതി ഈടാക്കിയത്. ആയത് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. വസ്തുനികുതി ശരിയായി നിർണ്ണയിച്ച് കുറവായി നിർണ്ണയിച്ച തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-17 കയ്യെഴുത്ത് രസീത് മുഖേനയുള്ള പണം പിരിവ് - അപാകതകൾ

രസീത് മുഖേനയുള്ള പണം പിരിവ് സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1) വി.ഇ.ഓ കൈപ്പറ്റിയ കയ്യെഴുത്ത് രസീതുകളിൽ തീയതി രേഖപ്പെടുത്താതെ തുക പിരിക്കുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| രസീത് നമ്പർ |
|---|
| 16267/2 മുതൽ 16267/100 വരെ |
| 16270/38 മുതൽ 16270/100 വരെ |
| 16272/36 മുതൽ 16272/100 വരെ |
| 16274/1 മുതൽ 16274/89 വരെ |
| 16266/2 മുതൽ 16266/100 വരെ |

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ ചട്ടം 16 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ പഞ്ചായത്തിനു വേണ്ടി കൈപ്പറ്റുന്ന തുക തൊട്ടടുത്ത പ്രവൃത്തി ദിവസം പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. എന്നാൽ തീയതി രേഖപ്പെടുത്താതിനാൽ മേൽ ചേർത്ത തുകകൾ തൊട്ടടുത്ത ദിവസം പഞ്ചായത്തിൽ അടവാക്കിയോ എന്ന് വ്യക്തമല്ല. തുക പിരിക്കുമ്പോൾ രസീതുകളിൽ തീയതി രേഖപ്പെടുത്തേണ്ടതാണ്.

2) കൃഷി ഓഫീസർക്ക് അനുവദിച്ച കയ്യെഴുത്ത് രസീതുകൾ ക്രമമായി ഉപയോഗിക്കുന്നില്ല. ഉദാഹരണം - 16261/2 നമ്പർ രസീത് മുഖേന 30-10-2020 ലും 16261/20 നമ്പർ രസീത് മുഖേന 28-10-2020 ലുമാണ് പണം പിരിച്ചത്.

3) കൃഷി ഓഫീസർക്ക് അനുവദിച്ച 16261 നമ്പർ കയ്യെഴുത്ത് രസീത് ബുക്കിലെ 2 മുതൽ 20 വരെയുള്ള രസീതുകളിൽ പഞ്ചായത്തിന്റെ പേര് രേഖപ്പെടുത്താതെ പണം പിരിച്ചു.

രസീതുകളിൽ തീയതി, പഞ്ചായത്തിന്റെ പേര് എന്നിവ രേഖപ്പെടുത്തി ക്രമമായി ഉപയോഗിക്കേണ്ടതാണ്.

1-18 വാടക - ബൈലോ, പൂർണ്ണമായ വിവരങ്ങൾ അടങ്ങിയ വാടക രജിസ്റ്റർ, എന്നിവ സൂക്ഷിക്കുന്നില്ല.

വരാപ്പുഴ ഗ്രാമപഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ചുള്ള ബൈലോ രൂപീകരിച്ചിട്ടില്ല. ആയത് രൂപീകരിച്ച് അറിയിക്കേണ്ടതാണ് (2005 ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ, ചട്ടം7(1). കൂടാതെ മതിയായ മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെന്റ് (ചട്ടം7(1)) ചമയ്ക്കേണ്ടതും, അതിൽ വാടക കെട്ടിട നമ്പർ, മാസവാടക, ആദ്യഗഡു നൽകേണ്ട തീയതി മുതലായ അവശ്യവിവരങ്ങളെല്ലാം രേഖപ്പെടുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ളക്സ് മുറികളുടെ (ഓഫീസ് കോംപ്ലക്സ് മുറി & ബസ് സ്റ്റാന്റ്കോംപ്ലക്സ് മുറി) വാടക രജിസ്റ്റർ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി (വാടക കെട്ടിട നമ്പർ, മാസവാടക, തീയതി മുതലായവ) സൂക്ഷിക്കേണ്ടതാണ്. മാർക്കറ്റ് സ്റ്റാൾ, മാർക്കറ്റ് തറ എന്നിവയുടെ രജിസ്റ്ററും, ലേല രജിസ്റ്ററും കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. കമ്മ്യൂണിറ്റി ഹാൾ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നുണ്ട്. വാടക സംബന്ധമായ വിശദവിവരങ്ങൾക്കായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2, തീയതി 17.03.2022 )നൽകിയ മറുപടിയിൽ, ഷോപ്പിംഗ് കോംപ്ളക്സ് മുറികളുടെ ബൈലോ, വാടക രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നതാണെന്നും പഞ്ചായത്തിൽ ആകെ 25 ഷോപ്പിംഗ് കോംപ്ളക്സ് മുറികളുണ്ടെന്നും അതിൽ 16 എണ്ണം വാടകയ്ക്ക് നൽകിയെന്നും 5 മുറികളിൽ ഹോമിയോ, വി.ഇ.ഓ, കുടുംബശ്രീ എന്നിവർ പ്രവർത്തിച്ചു വരുന്നെന്നും ലേലസമയത്ത് വിളിക്കാൻ ആളില്ലാത്തതുകൊണ്ട് (വികലാംഗർ, എസ്.സി. സംവരണം എന്നിവ ഉൾപ്പെടെയുള്ള) 4 മുറികൾ ഒഴിഞ്ഞു കിടക്കുകയാണെന്നും വാടക വാർഷിക വർദ്ധന 5% എന്ന നിരക്കിൽ വർദ്ധിപ്പിച്ചു വരുന്നുണ്ടെന്നും അറിയിക്കുകയുണ്ടായി. പഞ്ചായത്തിന്റെ തനതുവരുമാനത്തിന്റെ പ്രധാന സ്രോതസ്സുകളിലൊന്നാണ് വാടകയിനത്തിലുള്ള വരുമാനമെന്നതിനാൽ, ലേലം കൊള്ളാനാളില്ലാത്തതിന്റെ കാരണം എന്താണെന്ന

കണ്ടെത്തി ഒഴിഞ്ഞു കിടക്കുന്ന 4 മുറികളും വാടകയ്ക്ക് കൊടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു. വാടക രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ 2020-21 സാമ്പത്തിക വർഷം വാടകയിനത്തിലുള്ള വരുമാനത്തിന്റെ കൃത്യത നിജപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

## 1-19 മരണപ്പെട്ടത് പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടും സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നു.

ധനകാര്യ(എസ്.എഫ്.സി സെൽ ബി)വകുപ്പിന്റെ സർക്കുലർ നമ്പർ എസ്.എഫ്.സി.-ബി1/71/2017/ധന തീയതി 22.09.2017 പ്രകാരം സാമൂഹ്യ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും, ടിയാളുടെ മരണം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാരിൽ തന്നെ റിപ്പോർട്ട് ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ദിവസം തന്നെ ടിയാന്റെ പേരിലുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ നിർത്തലാക്കേണ്ടതാണ്. എന്നാൽ വരാപ്പുഴ ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം പഞ്ചായത്തിലെ മരണ റിപ്പോർട്ട് ഫയലുകളും സേവന സോഫ്റ്റ്‌വെയറും പരിശോധിച്ചത് പ്രകാരം താഴെ ചേർത്ത ഗുണഭോക്താക്കൾക്ക് മരണം പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്ത തീയതിക്ക് ശേഷവും പെൻഷൻതുക കൈമാറിയതായി കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ ഡി/ ആധാർ നമ്പർ | മരിച്ച തീയതി | പഞ്ചായത്ത് മരണ റിപ്പോർട്ട് ഫയൽ നമ്പർ/ പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്ത തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | ശാന്ത കുഞ്ഞുണ്ണി | കർഷക തൊഴിലാളി പെൻഷൻ | 106300100224/ 955621483760 | 24-12-2020 | B4/ 8084 28/12/2020 | 1/21 മുതൽ 4/21 വരെ | 6100/- |
| 2 | സുന്ദരേശൻ എ എൻ | വാർദ്ധക്യ കാല പെൻഷൻ | 106300202743/ 388806216992 | 15-11-2020 | B4-7903 8/12/2020 | 12/20 മുതൽ 4/21 വരെ | 7500/- |
| 3 | ബേബി നാരായണൻ | വാർദ്ധക്യ കാല പെൻഷൻ | 106300200182/ 470672719596 | 29-11-2020 | 4-12-2020 | 12/20 മുതൽ 6/21 വരെ | 10700/- |
| 4 | എം ആർ സുബ്രഹ്മണ്യൻ | വാർദ്ധക്യ കാല പെൻഷൻ | 106300201453/ 526854838675 | 26-2-2021 | 30-3-2021 | 3/21 മുതൽ 6/21 വരെ | 6300/- |
| 5 | സെലിൻ ജോൺ | വിധവാ പെൻഷൻ | 106300600748/ 875266347069 | 15-3-2021 | 19-3-2021 | 4/21 മുതൽ 6/21 വരെ | 4800/- |
| 6 | മാർത്ത വർഗീസ് | വിധവാ പെൻഷൻ | 106300600160/ 954923373698 | 5-3-2021 | B4/2489 8/3/2021 | 4/21 മുതൽ 6/21 വരെ | 4800/- |
| 7 | ത്രേസ്യ ആന്റണി | വാർദ്ധക്യ കാല പെൻഷൻ | 106300200734/ 988188763992 | 15-2-2021 | 24-2-2021 | 3/21 മുതൽ 6/21 വരെ | 6300/- |
| 8 | കെ പി സെബാസ്റ്റ്യൻ | വാർദ്ധക്യ കാല പെൻഷൻ | 106300201079/ 890589586400 | 10-2-2021 | 17-2-2021 | 3/21 മുതൽ 6/21 വരെ | 6300/- |
| 9 | ഏലീശ്വ റാഫേൽ | കർഷക തൊഴിലാളി പെൻഷൻ | 106300100299/ 201956664403 | 31-1-2021 | 9-2-2021 | 2/21 മുതൽ 6/21 വരെ | 7800/- |
| 10 | ലില്ലി ആന്റണി | വാർദ്ധക്യ കാല പെൻഷൻ | 106300200839/ 592438338246 | 17-1-2021 | B4/990 21/1/2021 | 2/21 മുതൽ 6/21 വരെ | 7800/- |
| 11 | പാർവതി ബാവൻ | കർഷക തൊഴിലാളി പെൻഷൻ | 106300100034/ 404094042039 | 1-1-2021 | 16-1-2021 | 2/21 മുതൽ 6/21 വരെ | 7800/- |
| 12 | നടേശൻ ഇടിയംപറമ്പ് | വാർദ്ധക്യ കാല പെൻഷൻ | 106300202722/ 581548540797 | 10-12-2020 | B4/8161 30/12/2020 | 1/21 മുതൽ 4/21 വരെ | 6100/- |
| 13 | പ്രഭാവതി ചാത്തു | കർഷക തൊഴിലാളി പെൻഷൻ | 106300100345/ 610107483559 | 3-1-2021 | B4/51 4/1/2021 | 2/21 മുതൽ 6/21 വരെ | 7800/- |
| | | | | ആകെ | | | 90100/- |

ധനകാര്യ (എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ 3.8.2018 ലെ സ.ഉ. (എം.എസ്) നം. 278/2018 ധന നമ്പർ ഉത്തരവ് പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും അടിയന്തിരമായി ഒഴിവാക്കാനും ഇത്തരത്തിൽ സർക്കാരിൽ നിന്നും അനർഹമായി കൈപ്പറ്റിയിട്ടുള്ള തുക അനന്തരാവകാശികളിൽ നിന്നും തിരിച്ചു പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ധനകാര്യ(എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ 05.11.2020 ലെ 67/2020/ധന. നമ്പർ സർക്കുലർ പ്രകാരം മരണപ്പെടുന്നവരേയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/17-3-2022) അധികമായി നൽകിയ പെൻഷൻ തുക തിരിച്ച് പിടിക്കുവാൻനടപടി സ്വീകരിക്കുന്നതാണെന്നും ഇത്തരം അപാകതകൾ വരാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അനർഹമായി നല്കിയ പെൻഷൻ തുക ബന്ധപ്പെട്ട അനന്തരാവകാശികളിൽ നിന്നോ ഉത്തരവാദിയായ വരാപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നോ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും യഥാസമയം ഒഴിവാക്കേണ്ടതാണ്.

## 1-20 ഹെഡ്മാസ്റ്റർ, ഗവ.യു.പി.എസ്, ചിറക്കകം നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

ഹെഡ്മാസ്റ്റർ, ഗവ.യു.പി.എസ്, ചിറക്കകം തൻവർഷം നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ പൊതുവായ അപാകതകൾ താഴെപ്പറയുന്നു.

1) നിർവ്വഹണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട ക്യാഷ് ബുക്ക്, പ്രോജക്ട് രജിസ്റ്റർ, വിവിധ സാധനങ്ങൾ വാങ്ങിയതിന്റെ കൃത്യമായി എഴുതി പൂർത്തീകരിച്ച സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ, അംഗീകൃത ഗുണഭോക്തൃ ലിസ്റ്റുകൾ, മോണിറ്ററിംഗ് റിപ്പോർട്ട് മുതലായവ സൂക്ഷിക്കുന്നില്ല.സ്റ്റോക്ക് രജിസ്റ്റർ മുതലായ രേഖകൾ കൃത്യമായി എഴുതി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2)വിതരണ രേഖകൾ ഇല്ല

| | |
|---|---|
| പ്രോജക്ട് നം/പേര് | 72/21 / യുവജനങ്ങൾക്ക് കായിക പരിശീലനം |
| ഫണ്ടിനം | തനത് ഫണ്ട് |
| അടങ്കൽ /ചെലവ് | 1,00,000 / 16303 |
| ബിൽ നം | ലഭ്യമല്ല |

ടി പദ്ധതി നടപ്പാക്കുന്നതിനായി 01.01.2021 ൽ ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത Infant Jesus Smith & Engg. Works എന്ന സ്ഥാപനത്തിന്റെ 16303 രൂപയുടെ ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ സ്വീകരിക്കുകയും Procurement കമ്മിറ്റിയുടെ 17.02.2021 ലെ ശുപാർശ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. മേൽ സ്ഥാപനത്തിന്റെ 16.02.2021 ലെ 2020-21/76-ാം നമ്പർ ഇൻവോയ്സ് പ്രകാരം റഫറി സ്റ്റാന്റ് For Volleyball (1 എണ്ണം- 9520 രൂപ), ഫ്ലാഗ് പോസ്റ്റ് (1 എണ്ണം-6783 രൂപ) എന്നിവ വാങ്ങിയതായി കാണുന്നു. എന്നാൽ ഇവ സ്റ്റോക്കിലെടുത്തതിന്റെയോ ആർക്ക് വിതരണം ചെയ്തു എന്നതിന്റെയോ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

തനത് ഫണ്ടിൽ നിന്ന് 16303 രൂപ കൈമാറിയതിന്റെയോ, നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ തുക ബെനഫിഷ്യറിയുടെ അക്കൗണ്ടിലേക്ക് ചെക്ക് മുഖേന കൈമാറിയതിന്റെയോ രേഖകൾ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി 13/22.03.2022 ന് ഹെഡ്മാസ്റ്റർ നൽകിയ മറുപടിയിൽ പപ്പൻ സ്റ്റേഡിയത്തിൽ ഇവ സ്ഥാപിച്ചതായി പറയുന്നു. എന്നാൽ ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ, ടി സ്റ്റേഡിയത്തിന് നൽകിയതായുള്ള വിതരണ രേഖ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടി പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിററി റിപ്പോർട്ടും ലഭ്യമല്ല. അവശ്യ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവു തുക 16,303/- രൂപ തടസ്സപ്പെടുത്തുന്നു.

3) പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തില്ല

| | |
|---|---|
| പ്രോജക്ട് നം/പേര് | 63 / എം.പി. പോൾ വായനശാലയ്ക്ക് പുസ്തകം വാങ്ങൽ |
| ഫണ്ടിനം | സംരക്ഷണ ഗ്രാന്റ് (റോഡിതരം) |
| അടങ്കൽ /ചെലവ് | 30,000 / 30,000 |
| ബിൽ നം/തിയതി | 201113520023012044 51/08.03.2021 |

കേരള സ്റ്റേറ്റ് ബുക്ക് മാർക്കിന്റെ 12.01.2021 ലെ ഇൻവോയ്സ് നമ്പർ KSBM/01/21 പ്രകാരം 283 പുസ്തകങ്ങൾ ലഭ്യമാക്കിയതായി കാണുന്നു. എന്നാൽ ഇവ സ്റ്റോക്കിലെടുത്തതിന്റെയോ പ്രസ്തുത വായനശാലയ്ക്ക് വിതരണം നടത്തിയതിന്റെയോ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമായ മറുപടിയിൽ എം.പി. പോൾ വായനശാലയിലേയ്ക്ക് പുസ്തകം വാങ്ങി ആ ബില്ല് ലൈബ്രേറിയന് കൈമാറുകയും അവരുടെ സ്റ്റോക്ക് രജിസ്റ്ററിൽ കയറ്റുകയുമാണ് ചെയ്യാറുള്ളത് എന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ വായനശാലയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിലും മേൽ ബില്ല പ്രകാരം സൂചിപ്പിച്ചിട്ടുള്ള പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തതായി കാണുന്നില്ല. രേഖകൾ പൂർണ്ണമല്ലാത്തതിനാൽ തുക (30,000 രൂ) തടസ്സത്തിൽ വെക്കുന്നു.

4)ബില്ലുകളും അനുബന്ധരേഖകളും ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | 166, ചിറക്കകം ഗവ.യു.പി. സ്കൂളിലേയ്ക്ക് അടുക്കള പാത്രങ്ങൾ വാങ്ങൽ |
| ഫണ്ടിനം | വികസന ഫണ്ട് - പൊതുവിഭാഗം |
| അടങ്കൽ തുക | 60,000/- |
| ചെലവ് | 60,000/- |
| ബിൽ നം/തി | 201113520023000159 48/ 11.04.2020 |

ട്രഷറി ബിൽ പ്രകാരം M/s Joy Vessels എന്ന സ്ഥാപനത്തിന് 60,000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ ലഭിച്ചതിന്റെ ബില്ലുകളോ ക്വട്ടേഷൻ മുഖേന സാധനം വാങ്ങിയതിന്റെ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിലും ടി പാത്രങ്ങൾ ലഭ്യമായതായി രേഖപ്പെടുത്താത്തതിനാൽ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

5)ബില്ലുകളും സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം/പേര് | 142 ( സ്പിൽ ഓവർ) / ചിറക്കകം യു.പി സ്കൂളിലേയ്ക്ക് ഫർണീച്ചർ വാങ്ങൽ |
| ഫണ്ടിനം | സംരക്ഷണ ഗ്രാന്റ് (റോഡിതരം) |
| അടങ്കൽ /ചെലവ് | 3,00,000/- / 3,00,000/- |
| ബിൽ റഫറൻസ് നം | 20111352002300056784 / 11.04.2020, 300000 |

ഫർണീച്ചർ വാങ്ങുന്നതിനായി ARTCO ക്ക് മേൽ തുക കൈമാറിയെങ്കിലും സാധനങ്ങൾ വാങ്ങിയതിന്റെ ബില്ല് ഫയലിൽ ഇല്ല. ടി ഫർണീച്ചറുകൾ സ്റ്റോക്ക് രജിസ്റ്ററിൽ എൻട്രി വരുത്തിയിട്ടുമില്ല. ഒറിജിനൽ ബില്ലോ അവശ്യരേഖകളോ ഇല്ലാത്തതിനാൽ ചെലവായ തുക (3 ലക്ഷം രൂ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

6)

| | |
|---|---|
| പ്രോജക്ട് നം ,പേര് | 141 ( സ്പിൽ ഓവർ), ചിറക്കകം ഗവ.യു.പി സ്കൂളിലേയ്ക്ക് ഐ.ടി ഉപകരണങ്ങൾ വാങ്ങൽ |
| ഫണ്ടിനം | സംരക്ഷണ ഗ്രാന്റ് - റോഡിതരം |
| അടങ്കൽ തുക | 1,37,070/- |
| ചെലവ് | 1,35,100/- |
| ബിൽ റഫറൻസ് നം/തിയതി , തുക | 1) 20111352002300056785/11.04.2020 , 82467 രൂ<br>2) 20111352002300056786/ 11.04.2020 , 52633 രൂ |

മേൽ പ്രോജക്ട് പ്രകാരം കെൽട്രോണിന് തുക കൈമാറിയിട്ടുണ്ട്. ഒരു യൂണിറ്റ് Desktop ന് 52633/- രൂപയും 3 ലാപ്ടോപ്പിന് 82467/-രൂപ യുടെയും പ്രഫോർമ ഇൻവോയ്സ് മാത്രമാണ് ഫയലിൽ ഉള്ളത്. യഥാർത്ഥത്തിൽ ടി ഉപകരണങ്ങൾ ലഭ്യമായതിന്റെ ഒറിജിനൽ ഇൻവോയ്സ് പരിശോധനയ്ക്ക് ലഭിച്ചില്ല. ബിൽ നമ്പർ, ലഭ്യമായ തിയതി എന്നിവ ഉൾപ്പെടെ കമ്പ്യൂട്ടറുകൾ സ്റ്റോക്കിലെടുത്തതിന്റെ രജിസ്റ്റർ ഹാജരാക്കുന്നതു വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

7)

| | |
|---|---|
| പ്രോജക്ട് നം, പേര് | 143( സ്പിൽ ഓവർ), ബിരുദ, പോളിടെക്നിക്ക്, പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകൽ |
| ഫണ്ടിനം | വികസന ഫണ്ട്- എസ് സി പി |
| അടങ്കൽ തുക | 1,20,000/- |
| ചെലവ് | 1,13,515/- |
| ബിൽ റഫറൻസ് നം , തുക | 20111352002300029108/ 11.04.2020 , 113515 |

ടി ലാപ്ടോപ്പുകൾ വാങ്ങിയതിന്റെ ബില്ലുകൾ ഫയലിൽ ലഭ്യമല്ല. കേരള സ്റ്റേറ്റ് ഐ.ടി മിഷന് തുക കൈമാറിയിട്ടുണ്ട്. എന്നാൽ ഇവ സ്റ്റോക്കിലെടുത്തതായി കാണിച്ചിട്ടില്ല. 4 ഗുണഭോക്താക്കൾക്ക് ലാപ്ടോപ് നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. എന്നാൽ അംഗീകൃത ലിസ്റ്റിലുള്ള 5 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകിയതായി കാണുന്നു. കൈപ്പറ്റ് രസീതും ഹാജരാക്കിയിട്ടുണ്ട്. ഇതിന് ലഭ്യമാക്കിയ മറുപടിയിൽ 5 കുട്ടികൾക്ക് ആനുകൂല്യം നൽകാനുള്ള പണം ഉണ്ടായിരുന്നു എന്നാണ് അറിയിച്ചത്. ലാപ്ടോപ്പുകൾ ലഭ്യമായതിന്റെ ഒറിജിനൽ ബില്ലുകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

ഇവ സംബന്ധിച്ച് നൽകിയ എൻക്വയറി 13/22.03.2022 ന് നൽകിയ മറുപടി തൃപ്തികരമല്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

1-20-1 ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം നൽകി

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 73, എസ് സി വിദ്യാർത്ഥികൾക്ക് മേശ, കസേര |
| ഫണ്ടിനം | വികസന ഫണ്ട്- എസ് സി പി |
| അടങ്കൽ തുക | 35,000 |
| ചെലവ് | 10,000 |
| ബിൽ റഫറൻസ് നം , തുക | 20111352002301204468 /08.03.2021, 10,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ ഗവ.യു.പി.എസ്, ചിറക്കകം |

ന്യൂ ടിപ് ടോപ് ഫർണീച്ചർ എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ മുഖേന 2 വീതം മേശയും കസേരയും വാങ്ങി (5000 രൂപ വീതം) 2 എസ്.സി വിദ്യാർത്ഥികൾക്ക് (അജിൻ.പി.എം & മാജിൻ.പി.എം. (പാർവതി ഭവൻ, തുണ്ടത്തുംകടവ്, വരാപ്പുഴ) വിതരണം ചെയ്തതായി കാണുന്നു. എന്നാൽ ടി വിദ്യാർത്ഥികളെ ഗുണഭോക്താക്കളായി അംഗീകരിച്ചതിന്റെ ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമല്ല. 7 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനാണ് പ്രോജക്റ്റ് വിഭാവനം ചെയ്തത്. ലിസ്റ്റിലില്ലാത്തവർക്ക് ആനുകൂല്യം നൽകിയതിനും ബാക്കി തുക ചെലവഴിക്കാഞ്ഞതിന്റെ കാരണവും ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് താഴെപ്പറയും പ്രകാരമാണ് മറുപടി നൽകിയത്." നിരവധി കുട്ടികൾ ഉണ്ടായിരുന്നെങ്കിലും അവർക്കെല്ലാം ഒരു പ്രാവശ്യം ആനുകൂല്യം കിട്ടിയവരായിരുന്നു. കിട്ടാത്ത ഈ 2 കുട്ടികളുടെ അപേക്ഷ പിന്നീടാണ് കിട്ടിയത്. അവരുടെ പേര് ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാതിരുന്നതിനാൽ ഇത് കമ്മിറ്റി വഴി പിന്നീട് കയറ്റാമെന്ന് പറഞ്ഞുകൊണ്ടാണ് ടി പേർക്ക് ആനുകൂല്യം നൽകിയത്. അക്കാര്യം പിന്നീട് വിട്ടുപോയി.കമ്മിറ്റി തീരുമാനം എടുത്ത് ഹാജരാക്കുന്നതാണ്."

ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലുള്ളവർക്ക് മാത്രം ആനുകൂല്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്ത് കമ്മിറ്റിയിൽ നിന്ന് സാധൂകരണം വാങ്ങി ഓഡിറ്റിന് ഹാജരാക്കുന്നതുവരെ ചെലവ് തുക (10,000) തടസ്സത്തിൽ വെക്കുന്നു.

1-20-2 തുടർവിദ്യാഭ്യാസ പരിപാടി - മോണിറ്ററിംഗ് നടത്തുന്നില്ല

| | |
|---|---|
| പ്രോജക്റ്റ് നം ,പേര് | 61, സാക്ഷരതാ തുടർ വിദ്യാഭ്യാസ പരിപാടി |
| ഫണ്ടിനം | വികസന ഫണ്ട് - പൊതുവിഭാഗം |
| അടങ്കൽ തുക | 2,00,000 |
| ചെലവ് | 66,400 |
| ബിൽ നം/തി, തുക | 1) 20111352002301351108/ 25.03.2021 , 59400<br>2) 20111352002301351111/ 25.03.2021 , 7000 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

ശിശു വിഹാർ തുടർ വിദ്യാകേന്ദ്രം വഴി 2020-21 ലെ പ്രോജക്റ്റ് ലിസ്റ്റിൽ ഉൾപ്പെട്ട താഴെപ്പറയും പ്രകാരം രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ കോഴ്സ് ഫീസ് മേൽ പദ്ധതി പ്രകാരം സാക്ഷരതാ മിഷന് കൈമാറിയിട്ടുണ്ട്.

പത്താം തരം (4 പഠിതാക്കൾ ) : 4 X1750 = 7000

ഹയർ സെക്കണ്ടറി ഒന്നാം വർഷം ( 16പഠിതാക്കൾ ) : 16 X2200 = 35200

ഹയർ സെക്കണ്ടറി രണ്ടാം വർഷം ( 11പഠിതാക്കൾ ) : 11 X2200 = 24200

എന്നാൽ മേൽ പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെ രേഖകൾ ഒന്നും തന്നെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല . പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം പൂർത്തീകരിക്കുന്നുണ്ടോ എന്നത് കൃത്യമായി മോണിറ്ററിംഗ് നടത്താത്തതിന്റെ അഭാവം വ്യക്തമാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സാക്ഷരതാ പ്രേരകമാർ ഹാജരാക്കുന്ന പഠിതാക്കളുടെ ഫീസ് അടക്കൽ മാത്രമേ ചെയ്യാറുള്ളൂ എന്നും പിന്നീട് ഇവർ എല്ലാവരും പരീക്ഷ എഴുതിയോ എന്ന കാര്യം അറിയിക്കാറില്ല എന്നുമാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചത്. ടി

പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 1-21 സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ ചുവടെ പറയുന്നു.

1)

| | |
|---|---|
| പ്രോജക്ട് നം, പേര് | 51, മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് മേശ , കസേര |
| ഫണ്ടിനം | 1) വികസന ഫണ്ട് -ജനറൽ<br>2) തനത് ഫണ്ട് |
| തുക | 1) അടങ്കൽ : 109240<br>ചെലവ് : 109240<br>2) അടങ്കൽ : 2760<br>ചെലവ് : 2760<br>ആകെ : 112000 |
| ബിൽ നം ,തിയതി - തുക | 1) 350 / 26.03.2021, 109240<br>2) ലഭ്യമല്ല |

14 മേശയും കസേരയും വാങ്ങിയതിന് ആർട്കോ യിൽ നിന്ന് 112000 രൂപ യുടെ ബിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ ഇതിനായി തനത് ഫണ്ടിൽ നിന്ന് 2760 രൂപ അനുവദിച്ചതിന്റെയോ ടി തുക ARTCO ക്ക് നിർവ്വഹണോദ്യോഗസ്ഥൻ കൈമാറിയതിന്റെ രേഖകളോ ഫയലിൽ ലഭ്യമല്ല. ആയത് ഹാജരാക്കേണ്ടതാണ്. ടി ഉപകരണങ്ങൾ ഗുണഭോക്തൃ ലിസ്റ്റിലുള്ള വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയതിന്റെ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ബിൽ പ്രകാരം ആയവ സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

2)

| | |
|---|---|
| പ്രോജക്ട് നം, പേര് | 50, മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ് |
| ഫണ്ടിനം | 1)വികസന ഫണ്ട് -ജനറൽ<br>2)തനത് ഫണ്ട് |
| തുക | 1)അടങ്കൽ : 206380<br>ചെലവ് : 206055<br>2) അടങ്കൽ :620<br>ചെലവ് : ഇല്ല |
| ബിൽ നം /തിയതി, തുക | 196 / 23.01.2021, 206055 |

9 മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ് വാങ്ങിനൽകുന്നതിന് രൂപീകരിച്ച മേൽ പ്രോജക്ട് പ്രകാരം 9 ലാപ്ടോപ്പിന് 22,895 രൂപ വെച്ച് 206055 രൂപ കെൽട്രോണിന് കൈമാറിയിട്ടുണ്ട്. ഇതിന്റെ പ്രഫോർമ ഇൻവോയ്സ് ഫയലിൽ ലഭ്യമാണ്. എന്നാൽ ടി ലാപ്ടോപ്പുകൾ ലഭ്യമായതിന്റെ ഒറിജിനൽ ഇൻവോയ്സ്, ആയത് സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല. 9 ലാപ്ടോപുകൾ വിദ്യാർത്ഥികൾക്ക് നൽകിയതിന്റെ വിതരണ രജിസ്റ്റർ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. ഒറിജിനൽ ഇൻവോയ്സ്, ആയത് പ്രകാരം കൃത്യമായി സ്റ്റോക്കിലെടുത്തതിന്റെ രജിസ്റ്റർ എന്നിവ ഹാജരാക്കുന്നതു വരെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

3) നിർവ്വഹണോദ്യോഗസ്ഥർ ടി.ആർ 7എ മാതൃകയിൽ സൂക്ഷിക്കേണ്ട ക്യാഷ് ബുക്ക്, പ്രോജക്ട് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പ്രോജക്ടിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നം.14/22.03.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 സമയപരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയിട്ടില്ല

വരാപ്പുഴ ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാതിരുന്നിട്ടും കരാറുകാരനും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെ വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെകൊടുക്കുന്നു.

2012 ലെ പി.ഡബ്ല്യൂ.ഡി. മാന്വൽ സെക്ഷൻ 2112-1പ്രകാരം കരാർ പ്രവർത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50%വരെ പരമാവധി സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇത് ആദ്യ തവണ പി.എ.സി. യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കേണ്ടതാണ്. സമയപരിധിക്കകം പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കാതെയാണ് ബിൽ തുക നൽകിയിരിക്കുന്നത്.

| പ്രൊജക്ട് നമ്പരും പേരും | പി ഏ സി തുക | കരാറുകാരൻ | കരാർ നം. | കാലയളവ് | പൂർത്തീകരിച്ച തീയ്യതി | അളവു പുസ്തകം |
|---|---|---|---|---|---|---|
| 190/21 ടൈൽ പേവിങ്,ഡ്രയിൻ നിർമ്മാണം തേവർകാട് പൃൂപ്പിൾസ് റോഡ് | 892728.79 | നിഷാദ് വി ജെ | 21/AE/ 19-20 13.11.19 | 6 Months | 26/3/21 | 59/ 19-20 |
| 122/21 ജനതാറോഡിൽ ടൈൽ വിരിക്കൽ | 541306.65 | ജിജോ പീറ്റർ | 10/" 1.11.19 | " | 18/3/21 | 19/ 19-20 |
| 132/21 വിവിധ റോഡുകളുടെ റീടാറിങ് | 844358 | ലിയാക്കത്ത് അലി മൂപ്പൻ | 49/" 5.1.19 | " | 25.3.20 | 26/ 18-19 |
| 209/21 വിവിധ വാർഡുകളിലെ തോടിന് ആഴം കൂട്ടൽ | 287449 | അനീഷ് സി എസ് | 47/" 28.1.20 | " | 9/3/21 | 57/ 19-20 |

ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി(നം.14/22.3.22)ക്ക് മറുപടിയായി പറഞ്ഞിരിക്കുന്നത് കൊറോണ മഹാമാരി മൂലം തൊഴിലാളികളുടെയും മെറ്റീരിയൽസിന്റെയും ലഭ്യതക്കുറവ് കാരണം കരാറുകാർക്ക് പ്രവൃത്തി കൃത്യസമയത്ത് പൂർത്തീകരിക്കുവാൻ സാധിച്ചില്ലയെന്നാണ്. എന്നാൽ കരാറുകാർ മേൽകാരണങ്ങളാൽ പ്രവൃത്തിയുടെ കാലാവധി നീട്ടിത്തരുവാൻ അപേക്ഷിച്ചതായി കാണുന്നില്ല. ആയതിനാൽ മറുപടി സ്വീകാര്യമല്ല. കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1.അനുപൂരക പോഷകാഹാര പദ്ധതി നടപ്പാക്കിയതിലെ അപാകത

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി |
| പ്രോജക്ട് നം. | 24/20-21 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ പദ്ധതി അടങ്കൽ | 25,49,594/-രൂപ<br>വികസനഫണ്ട് (ജനറൽ) 1674594/-<br>കേന്ദ്രാവിഷ്കൃത ഫണ്ട് : 600000/-<br>തനത് ഫണ്ട് : 75000/-<br>ബ്ലോക്ക് പഞ്ചായത്ത് : 200000/-) |
| ആകെ പദ്ധതി ചെലവ് | 2402377/- രൂപ<br>വികസനഫണ്ട് (ജനറൽ): 1674540/-<br>കേന്ദ്രാവിഷ്കൃത ഫണ്ട് : 592491/-<br>തനത് ഫണ്ട് : 74946/-<br>ബ്ലോക്ക് പഞ്ചായത്ത് : 60400/-) |

2020-21 വർഷം നടപ്പിലാക്കിയ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിൽ കി.ഗ്രാമിന് 70 രൂപ നിരക്കിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത് ചൈതന്യലക്ഷ്മി കുടുംബശ്രീ യൂണിറ്റ്, കരുമാലൂർ ആണ്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)ലെ ക്രമ നം. 66 ക്ലോസ് (B) (ii) പ്രകാരം കേന്ദ്ര, സംസ്ഥാന

സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അങ്കണവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അങ്കണവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്നകാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം 5% ജി.എസ്.ടി ചുമത്തിയതായി കാണുന്നു. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം/തീയതി/തുക | ന്യൂട്രിമിക്സിന്റെ വില | ചുമത്തിയ ജി.എസ്.ടി |
|---|---|---|---|
| 1 | 92/15.07.2020 : 80460/- | 75600/-<br>(70 *1080) | 3780/- |
| 2 | 91/15.07.2020 : 111079/- | 104370/-<br>(70 * 1491) | 5218/- |
| 3 | 90/15.07.2020 : 89400/- | 84000/-<br>(1200*70) | 4200/- |
| 4 | ചെക്ക്നം.0320544/12.11.2020<br>: 109514/- | 102900/-<br>(1470 *70) | 5144/- |
| 5 | 181/06.01.2021 : 111750/- | 105000/-<br>(1500*70_ | 5250/- |
| | Total | | |

കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അങ്കണവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടും മേൽപറഞ്ഞിരിക്കുന്ന വിധത്തിൽ ജി.എസ്.ടി ഈടാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.20/23.02.2022) ക്ക് മറുപടി ഹാജരാക്കിയില്ല. തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

2.വൃദ്ധർക്ക് കട്ടിൽ പദ്ധതി നടപ്പാക്കിയതിലെ അപാകത സംബന്ധിച്ച്-

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വൃദ്ധർക്ക് കട്ടിൽ |
| പ്രോജക്ട് നം. | SO150/20-21 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ പദ്ധതി അടങ്കൽ | 139200/-രൂപ<br>(ജനറൽ) സാധാരണവിഹിതം |
| ആകെ പദ്ധതി ചെലവ് | 139132/- രൂപ |

2020-21 വർഷം നടപ്പിലാക്കിയ "വൃദ്ധർക്ക് കട്ടിൽ" എന്ന പദ്ധതിയിൽ ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനാക്രമം തെറ്റിച്ച് കട്ടിൽ വിതരണം ചെയ്തിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.20/23.02.2022) ക്ക് മറുപടി ഹാജരാക്കിയില്ല. ഒരിക്കൽ ഗ്രാമസഭയിൽ ചർച്ച ചെയ്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റിൽ മാറ്റം വരുത്താൻ പാടില്ല (സർക്കുലർ 34704/ഡി.പി.-1/03ത.സ്വ.ഭ.വ. വകുപ്പ് 04.08.2003). വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-24 മെഡിക്കൽ ഓഫീസർ, സി.എച്ച്.സി./പി.എച്ച്.സി, വരാപ്പുഴ – പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത രീതിയിൽ പദ്ധതി നടപ്പാക്കി.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ക്യാൻസർ ബോധവത്കരണവും അനുബന്ധ സൗകര്യം ഒരുക്കലും |
| പ്രോജക്ട് നം. | SO 156/20-21 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി./പി.എച്ച്.സി, വരാപ്പുഴ. |
| ബിൽ നം./തീയതി | 12/11.4.2020(രൂ.33860/-),<br>13/11.04.20(രൂ.998/-) |
| ആകെ പദ്ധതി അടങ്കൽ | 35,000/-രൂപ(ജനറൽ)<br>സാധാരണവിഹിതം |
| ആകെ പദ്ധതി ചെലവ് | 34858/- രൂപ |

ഈ പദ്ധതിയുടെ ആകെ ചെലവുമായി (രൂ.34858/-)ബന്ധപ്പെട്ട് ലഭ്യമാക്കിയ രേഖകളിൽ പ്രിൻസ് പി. ജോൺ (രൂ.15770/-A/c No. 67012139465), അനിൽകുമാർ (രൂ.13250/- A/c No. 17260100047506), ജോസ്മോൻ

പുതുശ്ശേരി (രൂ.4840/-A/c No. 06340054000000003) എന്നിവരുടെ അക്കൗണ്ടുകളിലേക്ക് 33860/- രൂപ ക്രെഡിറ്റ് ചെയ്തതായും, വണ്ടി വാടക, ഹാൾ അറേഞ്ച്മെൻറ് 16 വാർഡുകളിലായി ക്യാൻസർ ബോധവത്കരണ ക്ലാസിൽ പങ്കെടുത്തവർക്കായി(പങ്കെടുത്തവരുടെ പേരും ഒപ്പും രേഖപ്പെടുത്തിയിട്ടുണ്ട്) റിഫ്രഷ്മെന്റ്, തുടങ്ങിയവക്കായി ഈ തുക മുഴുവൻ വിനിയോഗിച്ചതായും, 998/-രൂപ കേരള സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും (Issue No.0703306/19285 തീയതി 28.03.2020) മെഡിസിൻ വാങ്ങുന്നതിനായി ചെലവഴിച്ചതായും കാണുന്നു. പദ്ധതി മാർഗ്ഗരേഖ പ്രകാരം ബോധവത്കരണ പരിപാടികൾ, സർവ്വേകൾ, മറ്റ് വിവരണശേഖരണം എന്നിവയ്ക്ക് മാത്രമായി പ്രോജക്ട് അനുവദനീയമല്ലാത്തതിനാൽ വിശദീകരണത്തിനായി കൊടുത്ത എൻക്വയറിക്ക് (നം.11/22.03.2022) ലഭ്യമാക്കിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത്, ബോധവത്കരണ ക്ലാസുകളുമായി ബന്ധപ്പെട്ട ഒരു പ്രോജക്ട് മാത്രമല്ലായിതെന്നും ക്യാൻസർ രോഗികൾക്ക് മരുന്ന് ഉൾപ്പെടെ നൽകുന്ന 2019-20ലെ പ്രോജക്ടായിരുന്നു ഇതെന്നുമാണ്. "ക്യാൻസർ ബോധവത്കരണവും അനുബന്ധ സൗകര്യം ഒരുക്കലും" എന്ന ഈ പ്രോജക്ടിന്റെ ചെലവു രേഖകളായി ഹാജരാക്കിയത് മുകളിൽ പറഞ്ഞിരിക്കുന്ന ചെലവിനങ്ങൾ മാത്രമാണ്. പദ്ധതി മാർഗ്ഗരേഖ പ്രകാരം മാത്രം പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-25 പാലിയേറ്റീവ് പരിചരണം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

എ) വാഹനവാടകയിനത്തിൽ നൽകിയ തുകയിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് പരിചരണം |
| പ്രോജക്ട് നം. | 10/20-21 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി./പി.എച്ച്.സി, വരാപ്പുഴ. |
| ആകെ പദ്ധതി അടങ്കൽ | 600000-രൂപ(ജനറൽ) സാധാരണവിഹിതം |
| ആകെ പദ്ധതി ചെലവ് | 530288/- രൂപ |
| ബിൽ നം./തീയതി | നൽകിയ തുക |
| 1) 75/02.07.2020 | 31200.00 |
| 2) 99/10.08.2020 | 16400.00 |
| 3) 106/15.08.2020 | 17200.00 |
| 4) 130/21.09.2020 | 17200.00 |
| 5) 144/13.10.2020 | 18275.00 |
| 6) 185/06.01.2021 | 17200.00 |
| 7)187/06.01.2021 | 23650.00 |
| 8)195/08.01.2021 | 19350.00 |
| 9) 298/06.03.2021 | 10617.00 |
| 10) 360/26.03.2021 | 21500.00 |
| 11)361/26.03.2021 | 8600.00 |
| 12) 363/26.03.21 | 7525.00 |

പാലിയേറ്റീവ് പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഭവന സന്ദർശനം നടത്തുന്നതിനായി KL-42-P-1695, വാഹനം ഉപയോഗിച്ച വകയിൽ ശ്രീ. കെ.വി. കുഞ്ഞിമോന് വാഹന വാടകയിനത്തിൽ ആകെ 2,08,717/- രൂപ നൽകിയിട്ടുണ്ട്. ആദായനികുതി നിയമത്തിലെ 194C വകുപ്പ് പ്രകാരം ഒരു സാമ്പത്തിക വർഷം ആകെ വരുമാനം ഒരു ലക്ഷം രൂപയിൽ കൂടുതൽ നൽകുന്ന കോൺട്രാക്ടുകളിൽ നിന്ന് 1% ആദായ നികുതി ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. ഇപ്രകാരം ആദായനികുതി ഈടാക്കിയിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

ബി). സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

പാലിയേറ്റീവ് പരിചരണ പദ്ധതി നടത്തിപ്പിന്റെ ആകെ ചെലവു തുകയായ 5,30,288/- രൂപയിൽ 49,682/- രൂപ പാലിയേറ്റീവ് മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ചതായി കാണുന്നു. ലഭ്യമായ മരുന്നിന്റെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഇൻവോയ്സ് സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അതുവരെ 49682/-രൂപ തടസ്സപ്പെടുത്തുന്നു.

സി). വീൽ ചെയർ ലഭിച്ചിട്ടില്ല.

പാലിയേറ്റീവ് പരിചരണ പദ്ധതി നടത്തിപ്പിന്റെ ആകെ ചെലവു തുകയായ 5,30,288/- രൂപയിൽ രൂ.23200/-(ബിൽ നം.362/26.03.2021) സിഡ്കോയിൽ നിന്നും വീൽ ചെയർ വാങ്ങുന്നതിനായി ചെലവഴിച്ചെങ്കിലും വീൽ ചെയർ ലഭിച്ചിട്ടില്ല. വീൽ ചെയർ ലഭ്യമാകുമ്പോൾ, സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി, ഇൻവോയ്സ് സഹിതം ഹാജരാക്കുന്നതുവരെ 23200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26 വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടൽ നടത്തിപ്പ് -അപാകതകൾ -

| | |
|---|---|
| പ്രൊജക്ടിന്റെ പേര്, നമ്പർ | വിശപ്പ് രഹിത കേരളം- ജനകീയ ഹോട്ടൽ |
| അടങ്കൽ | 87120 ( വികസനഫണ്ട്) |
| ചെലവ് തുക | 47484/- ( വികസനഫണ്ട്- വിവിധ ബില്ലുകൾ മുഖേന മാറിയത്) |

വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി വരാപ്പുഴ ഗ്രാമപഞ്ചായത്തിൽ ദുർഗ്ഗ ആക്ടിവിറ്റി കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ജനകീയ ഹോട്ടൽ ആരംഭിച്ചിരുന്നു. ഈ ജനകീയ ഹോട്ടലിന്റെ പ്രവർത്തനധനസഹായം നല്കുന്നതിന് 2020-21 സാമ്പത്തികവർഷം പ്രൊ.നം. S175/21 ആയി പ്രൊജക്റ്റ് ആവിഷ്കരിച്ചിരുന്നു. ഈ പ്രൊജക്ടിൽ പ്രതിമാസം 5276/- രൂപ വീതം ദുർഗ്ഗ ആക്ടിവിറ്റി കുടുംബശ്രീക്ക് നല്കിയതു വഴി 47,484/- രൂപ ചെലവ് ചെയ്തിട്ടുണ്ട്.

30/06/2020 ലെ വരാപ്പുഴ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് ജനകീയ ഹോട്ടൽ ആരംഭിക്കാൻ ക്വട്ടേഷൻ ക്ഷണിച്ചത്. ആയത് പ്രകാരം ലഭിച്ച രണ്ട് ക്വട്ടേഷനുകളിൽ ദുർഗ്ഗ ആക്ടിവിറ്റി കുടുംബശ്രീ നല്കിയ ക്വട്ടേഷൻ അംഗീകരിച്ച് 23/06/2020ൽ പഞ്ചായത്തുമായി എഗ്രിമെന്റ് വെച്ച് ഹോട്ടൽ പ്രവർത്തനം ആരംഭിച്ചു. ഈ എഗ്രിമെന്റിൽ താഴെപ്പറയുന്ന നിബന്ധനകളാണ് ചേർത്തിട്ടുള്ളത്.

A) വരാപ്പുഴ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ജനകീയ ഹോട്ടലിന്റെ നികുതി ഉൾപ്പെടെയുള്ള പ്രതിമാസവാടകയുടെ പകുതിത്തുക സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്ന് ദുർഗ്ഗ ആക്ടിവിറ്റി കുടുംബശ്രീക്ക് അനുവദിക്കുന്നതാണ്.

B) കുടുംബശ്രീ കെട്ടിടത്തിന്റെ വൈദ്യുതി ചാർജ്ജും, വെള്ളക്കരവും കുടുംബശ്രീ നേരിട്ട് അടവാക്കേണ്ടതാണ്.

C) ജനകീയ ഹോട്ടലിനായി കുടുംബശ്രീ സി.ഡി.എസ് . മുഖാന്തിരം ജില്ലാ മിഷനിൽ നിന്ന് ലഭ്യമാകുന്ന റിവോൾവിംഗ് ഫണ്ട് യൂണിറ്റിന്റെ പ്രവർത്തനം അവസാനിക്കുന്ന പക്ഷം സി.ഡി.എസിൽ തിരിച്ചടയ്ക്കാൻ അംഗങ്ങൾ ബാദ്ധ്യസ്ഥരാണ്.

D) ഊണ് ഒന്നിന് 10രൂപ വീതം ( സൗജന്യമായി ലഭിക്കുന്ന ഊണിനടക്കം ) സർക്കാർ നല്കുന്ന സബ്സിഡി കുടുംബശ്രീ ജില്ലാ മിഷൻ വഴി ലഭ്യമാക്കാവുന്നതാണ്.

ഇത് പ്രകാരം 10,552/- രൂപ ദുർഗ്ഗ ആക്ടിവിറ്റി കുടുംബശ്രീയിൽ നിന്ന് പ്രതിമാസം ഈടാക്കുകയും, അതിന്റെ 50% തുക (5276/- രൂപ ) തിരികെ നല്കുകയും ചെയ്തിട്ടുണ്ട്.

ജനകീയ ഹോട്ടലിന് പ്രതിമാസ വാടകയായി 10,552/- രൂപ നിശ്ചയിച്ചിരുന്നു. ടി വാടക നിർണ്ണയിച്ചതിന്റെ അടിസ്ഥാനമെന്താണെന്നും, എന്തുകൊണ്ട് വികസന ഫണ്ടിൽ നിന്ന് അതിന്റെ 50% തുക (5276/- രൂപ ) തിരികെ നല്കുകയും ചെയ്തിട്ടുള്ളത് എന്നും വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( നം. 6) നല്കിയിരുന്നു. ഇതിന് നല്കിയ മറുപടിയിൽ കോവിഡ് പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ ഭക്ഷണം ലഭ്യമാക്കുന്നതിനാവശ്യമായ പശ്ചാത്തലസൗകര്യങ്ങൾ ഒരുക്കി നല്കാൻ പഞ്ചായത്തിന് നിർദ്ദേശം ഉണ്ടായിരുന്നതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ചെയ്തത് എന്നാണ് വിശദീകരിച്ചിരിക്കുന്നത്.

പഞ്ചായത്തിന്റെ തന്നെ കെട്ടിടത്തിൽ മുൻപ് മുതൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ദുർഗ്ഗ കുടുംബശ്രീ യൂണിറ്റിന് തന്നെയാണ് ജനകീയ ഹോട്ടലിന്റെ നടത്തിപ്പ് ചുമതലയും നല്കിയത്. ഈ സാഹചര്യത്തിൽ ജനകീയ ഹോട്ടൽ തുടങ്ങുന്നതിന് പ്രത്യേക പശ്ചാത്തല സൗകര്യം ഒരുക്കിനല്കേണ്ട ആവശ്യം വേണ്ടിവന്നിട്ടില്ല. വൈദ്യുതി, വെള്ളം എന്നിവയുടെ ചാർജ്ജ് കുടുംബശ്രീ വഹിക്കാമെന്ന നിബന്ധന നിലവിലെ സാഹചര്യത്തിൽ യൂണിറ്റിന് വലിയ ബാദ്ധ്യത വരുത്തുന്നില്ല. അതേസമയം വാടക ഇനത്തിൽ ഇളവ് ചെയ്ത് കൊടുക്കുമ്പോൾ യൂണിറ്റിന് അത് സാമ്പത്തികാശ്വാസവുമാണ്. വൈദ്യുതി, വെള്ളക്കരം എന്നിവ ഉൾപ്പെടെയുള്ള പശ്ചാത്തലസൗകര്യങ്ങൾ ഒരുക്കിക്കൊടുക്കണമെന്നും, വാടക ഇളവ് ചെയ്ത് കൊടുക്കണം എന്നുമുള്ള സർക്കാർ നിർദ്ദേശം പാലിക്കാനാണ് 50%

തുക തിരികെ നല്കിയതെങ്കിൽ ഒരു നിശ്ചിത തുക വാടക നിശ്ചയിച്ചതിന് ശേഷം അതിൽ ഇളവ് ചെയ്ത് കൊടുക്കുകയാണ് ചെയ്യേണ്ടിയിരുന്നത്.

അതേസമയം 10,552/- രൂപ വാടകയിനത്തിൽ പഞ്ചായത്ത് തനത് ഫണ്ടിലേക്കാണ് അടയക്കുന്നത്. അതായത് പഞ്ചായത്തിന്റെ വാടകവരുമാനത്തിൽ കുറവ് വരുന്നില്ല. അതേസമയം ദുർഗ്ഗ ആക്ടിവിറ്റി കുടുംബശ്രീക്ക് തുക തിരികെ നല്കുന്നത് വികസന ഫണ്ട് (ജനറൽ) -ൽ നിന്നാണ്. പ്രൊജക്ട് ആവിഷ്കരിച്ച് വികസനഫണ്ടിൽ നിന്ന് ഓരോ മാസവും ഒരു കുടുംബശ്രീ യൂണിറ്റിന് തുക നല്കുന്നത് തുടർപ്രവർത്തനങ്ങൾക്കായി ദീർഘ കാലാടിസ്ഥാനത്തിൽ വികസനഫണ്ടിൽ നിന്ന് തുക നല്കാൻ പാടില്ലെന്ന പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ആയതിനാൽ തുടർവർഷങ്ങളിൽ ഈ പ്രൊജക്ട് ഇപ്രകാരം നടപ്പാക്കുന്നത് സംബന്ധിച്ച് പുനർവിചിന്തനം നടത്തേണ്ടതാണ്.

1-27 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ സംരംഭത്തിനായി ടൂവീലർവാങ്ങി നൽകിയത് - അപാകതകൾ

| | |
|---|---|
| പ്രൊജക്ട് പേര്/ പ്രൊജക്ടിന്റെ നമ്പർ | "പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ സംരംഭത്തിനായി ടൂവീലർ നല്കൽ ", പ്രൊ.നം. എസ് 242/21) |
| അടങ്കൽ | 39,500/- ( ടി.എസ്.പി. )<br>30,000/- ( വായ്പ)<br>69,500 |
| ചെലവ് | 39,500/-( ടി.എസ്.പി. ) |

2020-2021 -ൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ "പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ സംരംഭത്തിനായി ടൂവീലർ നല്കൽ " (പ്രൊ.നം. എസ് 242/21) എന്ന പ്രൊജക്ടിന്റെ ഭാഗമായി ഒരു ഗുണഭോക്താവിന് (കുമാരി. ദേവിക കെ.ബി.) ടൂവീലർ വാങ്ങാൻ ധനസഹായമായി 30,000/- രൂപ നല്കി. 69,500/- രൂപ വിലയുള്ള ടൂവീലറിന് നല്കാവുന്ന പരമാവധി ധനസഹായമായ 30,000/- രൂപ M/s റോയൽ മോട്ടോഴ്സ്, ചേരാനെല്ലൂർ എന്ന സ്ഥാപനത്തിനാണ് നല്കിയിരിക്കുന്നത്. ഇതിനൊപ്പം ഗുണഭോക്താവിനെ ഡ്രൈവിംഗ് പരിശീലിപ്പിക്കുന്നതിനായി ആഷാ അൻവർ എന്നവർക്ക് 9,500/-ഫീസിനത്തിലും തുക നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| | നല്കിയത് | തുക | ബിൽ നമ്പർ | തീയതി |
|---|---|---|---|---|
| 1 | M/s റോയൽ മോട്ടോഴ്സ്, ചേരാനെല്ലൂർ | 30000 | 28/20-21 | 25/03/2021 |
| 2 | ആഷാ അൻവർ<br>സാരഥി ഡ്രൈവിംഗ് സ്കൂൾ<br>കാക്കനാട് | 9500 | 29/20-21 | 25/03/2021 |
| | ആകെ | 39,500 | | |

മേൽപ്പറഞ്ഞ പ്രൊജക്ടിനെ സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിനായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമാക്കിയിട്ടില്ല.

2. പദ്ധതിയിൽ വായ്പാ ബന്ധിത പ്രൊജക്ടായിട്ടാണ് അംഗീകാരം വാങ്ങിയിരിക്കുന്നത്. എന്നാൽ ഏതെങ്കിലും ധനകാര്യസ്ഥാപനത്തിൽ നിന്ന് ഗുണഭോക്താവ് വായ്പ എടുത്തതായി ഫയലിൽ കാണുന്നില്ല.

3. സ്വയം തൊഴിൽ സംരംഭമെന്ന നിലയിലാണ് ഈ പ്രൊജക്ടിലൂടെ ധനസഹായം നല്കുവാൻ പദ്ധതിയിൽ തുക വകയിരുത്തിയത്. ഏത് സംരംഭമാണ് ദേവിക കെ.ബി. എന്ന ഗുണഭോക്താവ് ആരംഭിച്ചത്എന്നത് ഫയലിൽ പരാമർശിച്ചിട്ടില്ല.

4. സ്വയം തൊഴിൽ സംരംഭത്തിന് ടൂവീലർ വാങ്ങാൻ ധനസഹായം നല്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ പ്രധാനം ഗുണഭോക്താവിന് ഡ്രൈവിംഗ് ലൈസൻസ് വേണമെന്നതാണ്. ( ജി. ഓ.(പി) 22/2018/LSGD ) ഈ വ്യവസ്ഥ നിലവിലിരിക്കേ, ലൈസ്ൻസ് ഇല്ലാത്ത ഗുണഭോക്താവിനെ ആനുകൂല്യത്തിനായി തെരഞ്ഞെടുത്തതും, ആനുകൂല്യം നല്കിയശേഷം ഗുണഭോക്താവിന് ഡ്രൈവിംഗ് പരിശീലനം നല്കിയതിന് പരിശീലനസ്ഥാപനത്തിന് തുക നല്കിയതും മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്.

പട്ടികവിഭാഗക്കാർക്കുള്ള സ്വയം തൊഴിൽ സംരംഭം ആയി നടപ്പാക്കിയ ഈ പ്രൊജക്ടിൽ ലൈസ്സൻസുള്ള

ഗുണഭോക്താവിന് മാത്രമേ വാഹനം വാങ്ങുന്നതിനുള്ള ആനുകൂല്യം നല്കാനാവൂ എന്ന് മാർഗ്ഗരേഖയിൽ വിശദമാക്കിയിരിക്കുന്ന സാഹചര്യത്തിൽ എന്തുകൊണ്ടാണ് വാഹനം വാങ്ങിനല്കിയതിന് ശേഷം ലൈസൻസ് എടുക്കുവാനുള്ള പരിശീലനം നല്കിയതിന് ഡ്രൈവിംഗ് സ്കൂൾ ഉടമയ്ക്ക് 9,500/-പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്ന് നല്കിയത് എന്ന് എൻക്വയറി നം.3- മുഖേന വ്യക്തമാക്കാൻ ആവശ്യപ്പെട്ടിരുന്നു.

ഇതിന് നിർവ്വഹണോദ്യോഗസ്ഥൻ നല്കിയ മറുപടിയിൽ വരാപ്പുഴ ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരു കുടുംബം മാത്രമാണുള്ളതെന്നും, തൻവർഷം ലഭിച്ച ടി.എസ്.പി. വിഹിതം ലാപ്സായിപ്പോകരുതെന്ന ഉദ്ദേശത്തോടെയാണ് ലേണേഴ്സ് ലൈസൻസ് മാത്രമുള്ള ടി ഗുണഭോക്താവിന് ആനുകൂല്യം നല്കിയതെന്നുമാണ് വിശദീകരിക്കുന്നത്.

പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലാപ്സായിപ്പോകാതിരിക്കുക എന്ന ഉദ്ദേശശുദ്ധിയെ സാധൂകരിക്കാമെങ്കിലും, സർക്കാർ നിർദ്ദേശിച്ച വ്യക്തമായ മാനദണ്ഡങ്ങളെ ലംഘിച്ചുകൊണ്ട് ലൈസൻസ് ഇതുവരെ ലഭ്യമാകാത്ത ഗുണഭോക്താവിന് ആനുകൂല്യം നല്കിയത് മാർഗ്ഗനിർദ്ദേശങ്ങൾക്ക് തികച്ചും വിരുദ്ധമാണ്.

പ്രൊജക്ടുകളുടെ ലക്ഷ്യത്തെ ഒരുവിധത്തിലും സാധൂകരിക്കാനാവാത്ത ഇത്തരം നിർവ്വഹണരീതികൾ ആവർത്തിക്കാതിരിക്കാൻ പഞ്ചായത്ത് ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആയതിനാൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഡ്രൈവിംഗ് പരിശീലനത്തിന് നൽകിയ 9500/-രൂപ നിരാകരിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മരണപ്പെട്ടത് പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടും സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം ചെയ്തു

ധനകാര്യ(എസ്.എഫ്.സി സെൽ ബി)വകുപ്പിന്റെ സർക്കുലർ നമ്പർ എസ്.എഫ്.സി.-ബി1/71/2017/ധന തിയതി 22.09.2017 പ്രകാരം സാമൂഹ്യ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും, ടിയാളുടെ മരണം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാരിൽ തന്നെ റിപ്പോർട്ട് ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ദിവസം തന്നെ ടിയാന്റെ പേരിലുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ നിർത്തപ്പെടേണ്ടതാണ്. എന്നാൽ വരാപ്പുഴ ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം പഞ്ചായത്തിലെ മരണ റിപ്പോർട്ട് ഫയലുകളും സേവന സോഫ്റ്റ് വെയറും പരിശോധിച്ചത് പ്രകാരം താഴെ ചേർത്ത ഗുണഭോക്താക്കൾക്ക് മരണം പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്ത തീയതിക്ക് ശേഷവും പെൻഷൻതുക കൈമാറിയതായി കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ ഡി/ ആധാർ നമ്പർ | മരിച്ച തീയതി | പഞ്ചായത്ത് മരണ റിപ്പോർട്ട് ഫയൽ നമ്പർ/ പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്ത തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | ശാന്ത കുഞ്ഞുണ്ണി | കർഷക തൊഴിലാളി പെൻഷൻ | 106300100224/ 955621483760 | 24-12-2020 | B4/ 8084 28/12/2020 | 1/21 മുതൽ 4/21 വരെ | 6100/- |
| 2 | സുന്ദരേശൻ എ എൻ | വാർദ്ധക്യ കാല പെൻഷൻ | 106300202743/ 388806216992 | 15-11-2020 | B4-7903 8/12/2020 | 12/20 മുതൽ 4/21 വരെ | 7500/- |
| 3 | ബേബി നാരായണൻ | വാർദ്ധക്യ കാല പെൻഷൻ | 106300200182/ 470672719596 | 29-11-2020 | 4-12-2020 | 12/20 മുതൽ 6/21 വരെ | 10700/- |
| 4 | എം ആർ സുബ്രഹ്മണ്യൻ | വാർദ്ധക്യ കാല പെൻഷൻ | 106300201453/ 526854838675 | 26-2-2021 | 30-3-2021 | 3/21 മുതൽ 6/21 വരെ | 6300/- |
| 5 | സെലിൻ ജോൺ | വിധവാ പെൻഷൻ | 106300600748/ 875266347069 | 15-3-2021 | 19-3-2021 | 4/21 മുതൽ 6/21 വരെ | 4800/- |
| 6 | മാർത്ത വർഗീസ് | വിധവാ പെൻഷൻ | 106300600160/ 954923373698 | 5-3-2021 | B4/2489 8/3/2021 | 4/21 മുതൽ 6/21 വരെ | 4800/- |
| 7 | ത്രേസ്യ ആന്റണി | വാർദ്ധക്യ കാല പെൻഷൻ | 106300200734/ 988188763992 | 15-2-2021 | 24-2-2021 | 3/21 മുതൽ 6/21 വരെ | 6300/- |
| 8 | കെ പി സെബാസ്റ്റ്യൻ | വാർദ്ധക്യ കാല പെൻഷൻ | 106300201079/ 890589586400 | 10-2-2021 | 17-2-2021 | 3/21 മുതൽ 6/21 വരെ | 6300/- |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | ഏലീശ്വ റാഫേൽ | കർഷക തൊഴിലാളി പെൻഷൻ | 106300100299/ 201956664403 | 31-1-2021 | 9-2-2021 | 2/21 മുതൽ 6/21 വരെ | 7800/- |
| 10 | ലില്ലി ആന്റണി | വാർദ്ധക്യ കാല പെൻഷൻ | 106300200839/ 592438338246 | 17-1-2021 | B4/990 21/1/2021 | 2/21 മുതൽ 6/21 വരെ | 7800/- |
| 11 | പാർവതി ബാവൻ | കർഷക തൊഴിലാളി പെൻഷൻ | 106300100034/ 404094042039 | 1-1-2021 | 16-1-2021 | 2/21 മുതൽ 6/21 വരെ | 7800/- |
| 12 | നടേശൻ ഇടിയംപറമ്പ് | വാർദ്ധക്യ കാല പെൻഷൻ | 106300202722/ 581548540797 | 10-12-2020 | B4/8161 30/12/2020 | 1/21 മുതൽ 4/21 വരെ | 6100/- |
| 13 | പ്രഭാവതി ചാത്തു | കർഷക തൊഴിലാളി പെൻഷൻ | 106300100345/ 610107483559 | 3-1-2021 | B4/51 4/1/2021 | 2/21 മുതൽ 6/21 വരെ | 7800/- |
| | | | ആകെ | | | | 90100/- |

ധനകാര്യ (എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ 3.8.2018 ലെ സ.ഉ. (എം.എസ്) നം. 278/2018 ധന നമ്പർ ഉത്തരവ് പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും അടിയന്തിരമായി ഒഴിവാക്കാനും ഇത്തരത്തിൽ സർക്കാരിൽ നിന്നും അനർഹമായി കൈപ്പറ്റിയിട്ടുള്ള തുക അനന്തരാവകാശികളിൽ നിന്നും തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ധനകാര്യ(എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ 05.11.2020 ലെ 67/2020/ധന. നമ്പർ സർക്കുലർ പ്രകാരം മരണപ്പെടുന്നവരേയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/17-3-2022) അധികമായി നൽകിയ പെൻഷൻ തുക തിരിച്ച് പിടിക്കുവാൻനടപടി സ്വീകരിക്കുന്നതാണെന്നും ഇത്തരം അപാകകതകൾ വരാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അനർഹമായി നല്കിയ മേൽ പെൻഷൻ തുക ബന്ധപ്പെട്ട അനന്തരാവകാശികളിൽ നിന്നോ ഉത്തരവാദിയായ വരാപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നോ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും യഥാസമയം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-2021 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | 2020-21 ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 15,00,000 | ഷാപ്പുപടി മരോട്ടിച്ചുവട് റോഡ് അറ്റകുറ്റപ്പണി(Spillover) | 1491251 | |
| | | 1000000 | സിന്ധു ഫാർമസി റോഡ് അറ്റകുറ്റപ്പണി(Spillover) | 994770 | |
| | | 2000000 | ഷെഡ്ഡ് പടി- മീൻതോട് റോഡ് അറ്റകുറ്റപ്പണി((Spillover) | 1841674 | |
| | | 400000 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ധനസഹായം | 400000 | |
| | “ | 1000000 | ഷെഡ്ഡ് പടി- അറക്കൽ ലിങ്ക് റോഡ് അറ്റകുറ്റപ്പണി(Spillover) | 996381 | |
| | “ | 1500000 | തിരുമുപ്പം -അറക്കൽ ലിങ്ക് റോഡ് അറ്റകുറ്റപ്പണി(Spillover) | 1361477 | |
| | | 1000000 | ചിറയ്ക്കകം പാടി റോഡ് അറ്റകുറ്റപ്പണി | 1000000 | |
| | | 1000000 | 8-ാം വാർഡ് ക്വിറ്റ് ഇന്ത്യറോഡ് കട്ടവിരിക്കൽ റോഡ് | 1000000 | |
| | | 1118780 | പൊക്കാളി നെൽക്കൃഷി വികസനം | 1118780 | |
| | | 1000000 | മണ്ണം തുരുത്ത് ക്വിറ്റ് ഇന്ത്യ റോഡ് കട്ടവിരിക്കൽ | 1000000 | |
| | | 120000 | ലൈഫ് മിഷൻ ഭവന പദ്ധതി | 120000 | |
| | | 873472 | തേവർകാട് പീപ്പിൾസ് റോഡ് കാനനിർമ്മാണം | 873472 | |
| | | 500000 | സുനാമി റോഡ് ടൈൽ വിരിക്കൽ | 499828 | |
| | | 600000 | ഇളംകാവ് മാർക്കറ്റ് റോഡ് ടൈൽ വിരിക്കൽ | 584887 | |
| | | 1800000 | രാജീവ്ജി റോഡ് അറ്റകുറ്റപ്പണികൾ | 1777724 | |
| | | 800000 | ഫാത്തിമ ലിങ്ക് റോഡ് അറ്റകുറ്റപ്പണികൾ | 740934 | |
| | | 800000 | അതിർത്തി റോഡ് സൈഡ് സംരക്ഷണം | 150849 | |

| | | | | | |
|---|---|---|---|---|---|
| | | | ആകെ | 15952027 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | അംഗൻവാടി അനുപൂരക പോഷകാഹാരപരിപാടി | 200000 | |
| | | 125000 | പൊക്കാളി മെതിയന്ത്രം, കാട്ടുവെട്ട് യന്ത്രം വാങ്ങൽ | 125000 | |
| | | 165400 | വയബിലിറ്റി ഗ്യാപ്പ് ഫണ്ട്, ഹരിതകർമ്മസേന രൂപീകരണം | 25630 | |
| | | 100000 | പച്ചക്കറി തൈ വിതരണം വനിത | 100000 | |
| | | 200000 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ധനസഹായം | 200000 | |
| | | 680000 | പൊക്കാളി നെൽക്കൃഷി വികസനം | 680000 | |
| | | 200000 | പാലിയേറ്റീവ് പരിചരണം | 200000 | |
| | | 1300000 | ലൈഫ് മിഷൻ ഭവന പദ്ധതി | 988800 | |
| | | 50000 | പാലിന് സബ്സിഡി | 50000 | |
| | | 183250 | വട്ടപ്പൊട്ട SC കോളനി റോഡ് ടൈൽ വിരിക്കൽ | 183250 | |
| | | 1304546 | ഫാദർ മാനുവൽ റോഡ് റീടാറിംഗ് | 1304546 | |
| | | 29941 | ഇ.എം.എസ്. റോഡ് കാന നിർമ്മാണം | 29941 | |
| | | | ആകെ | 4087167 | |

ജില്ലാ - ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച സംയുക്തപ്രൊജക്ടുകൾക്കായുള്ള ഫണ്ടിനത്തിൽ നിന്ന് ചെലവായ തുകയിൽ ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്ന് 38,684/- രൂപയും, ബ്ലോക്ക് പഞ്ചായത്ത് ചെലവിൽ നിന്ന് 10,00,000/-രൂപയും ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുണ്ട്.

മുൻവർഷങ്ങളിൽ ജില്ലാ -ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച സംയുക്ത പ്രൊജക്ടുകൾക്കുവേണ്ടി ലഭിച്ച ഫണ്ട് പഞ്ചായത്തിന്റെ ജോയിന്റ് വെൻച്വർ അക്കൗണ്ടിൽ 01.04.2020ൽ മുന്നിരിപ്പായുണ്ടായിരുന്നു. അതിൽ നിന്ന് ചെലവഴിച്ച തുക കഴിച്ച് 31.03.2021ൽ ബാക്കി നിൽക്കുന്ന തുകയുടെ വിവരം താഴെപ്പറയുന്നു.

| | മുൻവർഷ ങ്ങളിലെ മുന്നിരുപ്പ് | 2020-21 വരവ് | | | ആകെ വരവ് ( OB+ RTുക്ത S) | ചെലവ് | | | ആകെ ചെലവ് | നീക്കിയിരുപ്പ് | |
|---|---|---|---|---|---|---|---|---|---|---|---|
| | | RP-31 | RP-7 | ആകെ വരവ് | | TSB A/C ൽ നിന്ന് ചെലവ ഴിച്ചത് | നേരിട്ട് ചെലവ ഴിച്ചത് RP-7 | ആകെ ചെലവ് | | അക്കൗ ണ്ടിൽ നിന്ന് ചെലവഴി ച്ചതിൽ ബാക്കി B4 ഷെഡ്യൂൾ പ്രകാരം | നേരിട്ട് ചെലവ ഴിച്ചത് ബാക്കി |
| ബ്ലോക്ക് പഞ്ചായത്ത് (Capital) 320 700 104 | 1000000 | 0 | 0 | 0 | **1000000** | 0 | 0 | 0 | **0** | 1000000 | 0 |
| ജില്ലാ പഞ്ചായത്ത് (Capital) 320 700 105 | 52292 | 0 | 0 | 0 | **52292** | 52292 | 0 | 0 | **0** | 0 | 0 |
| ബ്ലോക്ക് പഞ്ചായത്ത് (Revenue) 320 700 204 | 1120020 | 0 | 2967167 | 2967167 | **4087187** | 1120000 | 2967167 | **4087167** | **4087167** | 20 | 0 |
| ജില്ലാ പഞ്ചായത്ത് (Revenue) 320 700 205 | 2088684 | 0 | 14490043 | 14490043 | **16578727** | 1461984 | 14490043 | **15952027** | **15952027** | 626700 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | ആയുർവ്വേദാശുപത്രി ഇലക്ട്രിഫിക്കേഷൻ | 20111307282/ 18-02-2021 | 23635 | 23635 | 0 |
| KWA | ആയുർവ്വേദാശുപത്രി- കുടിവെള്ള കണക്ഷൻ | 20111307548/ 03-02-2021 | 45000 | 45000 | 0 |
| KWA | എം.പി.പോൾ വായനാശാലകെട്ടിടത്തിന് കുടിവെള്ള കണക്ഷൻ | 20111308726/ 22-03-2021 | 23000 | 23000 | 0 |

മുൻ വർഷങ്ങളിൽ KWA, KSEB എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിച്ച തുക

| നിർവ്വഹണ ഏജൻസി | നിക്ഷേപിച്ച തുക |
|---|---|

| | |
|---|---|
| കെ.എസ്.ഇ.ബി. | 12,16,230 |
| കെ.ഡബ്ല്യു.എ. | 2,40,000 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നല്കിയിട്ടില്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

### 4-7 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 70,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | NIL |
| ആകെ | 70,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | NIL |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 70,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | ബാങ്കിന്റെ പേര് |
|---|---|---|
| 1101057848/ 10.07.2017 | 15,00,000 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. നം. 1582 |
| 1101057847/ 10.07.2017 | 15,00,000 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. നം. 1582 |
| 1101058121/ 25.07.2017 | 15,00,000 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. നം. 1582 |
| 1101058106/ 25.07.2017 | 15,00,000 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. നം. 1582 |
| 110106810/ 28.03.2019 | 10,00,000 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. നം. 1582 |
| ആകെ | 70,00,000 | |

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -വകുപ്പുപ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2009-2010 & 2010-2011 | 2011-12 | 3.2.6.3 | റോഡ് നിർമ്മാണ- സംരക്ഷണ പ്രവൃത്തികളുടെ ആസൂത്രണവും, നിർവ്വഹണവും | പഞ്ചായത്ത് സമർപ്പിച്ച മറുപടി പരിശോധിച്ച് നിയമസഭാ സമിതിക്ക് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| | | 3.2.7 | ആസ്തിരജിസ്റ്ററുകളുടെ പരിപാലനം | |
| | | 3.2.9 | കണക്ടിവിറ്റി പ്ലാൻ | |
| | | 3.2.10 | റോഡ് ചെയിനേജ് രേഖപ്പെടുത്തൽ- സർക്കാർ ഉത്തരവ് നടപ്പാക്കിയിട്ടില്ല | |
| | | 3.2.13 | ഗുണഭോക്തൃസമിതി പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല | |
| | | 3.2.15 | ഡ്രെയിനേജ് സംവിധാനം അപാകതകൾ | |

| | | |
|---|---|---|
| | 3.2.18 | ടെൻഡർ പ്രവൃത്തികളിലെ ക്രമക്കേട് |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 97789928 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 98610432 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 9500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1010255 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 9500/- | ജോർജ് വി., അസി. സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 1-20 | 654918 | കെ.എൽ.ആൽബി,<br>ഹെഡ്മാസ്റ്റർ, ഗവ.യു,പി.എസ്, ചിറക്കകം |
| 1-20-1 | 10000 | കെ.എൽ.ആൽബി,<br>ഹെഡ്മാസ്റ്റർ, ഗവ.യു,പി.എസ്, ചിറക്കകം |
| 1-20-2 | 66400 | കെ.എൽ.ആൽബി,<br>ഹെഡ്മാസ്റ്റർ, ഗവ.യു,പി.എസ്, ചിറക്കകം |
| 1-21 | 206055 | സീന അഗസ്റ്റിൻ,<br>സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 1-25 | 72882 | ഡോ.അപ്പു സിറിയക്,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| | 1010255 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

സംസ്ഥാന സർക്കാർ- 90100

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 3-1 | 90100 | ബീഗം സൈന ബി.<br>സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| ആകെ | 90100 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ബീഗം സൈന ബി. സെക്രട്ടറി | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | ബിസ്മി കോട്ടേജ് പത്തടിപ്പാലം ഇടപ്പിള്ളി |
| 2 | കെ.എൽ.ആൽബി, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ഗവ.യു.പി.എസ്, ചിറക്കകം | കല്ലൂർ (H), കോട്ടുവള്ളി, കൈതാരം.പി.ഒ |
| 3 | സീന അഗസ്റ്റിൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, വരാപ്പുഴ | ഫാത്തിമ ചർച്ച് ലെയിൻ. കൊച്ചി - 682020 |

| | | | |
|---|---|---|---|
| 4 | ഡോ.അപ്പു സിറിയക്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | കോയിത്തറ, പുത്തൻപറമ്പിൽ കാക്കനാട് |
| 5 | ജോർജ് വി. അസി. സെക്രട്ടറി | സെക്രട്ടറി ആലങ്ങാട് ഗ്രാമപഞ്ചായത്ത് | പുനക്കാട് ഹൗസ്, ഏലൂർ നോർത്ത് ഉദ്യോഗമണ്ഡൽ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-2000 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(1)/2018 തീയതി. 23.05.2018 | 4 | |
| 2007-2008 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(2)/2018 തീയതി. 23.05.2018 | 3 | |
| 2008-2009 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(3)/2018 തീയതി. 23.05.2018 | 5 | |
| 2009-2010 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(4)/2018 തീയതി. 23.05.2018 | 3 | |
| 2010-2011 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(5)/2018 തീയതി. 23.05.2018 | 2 | |
| 2011-2012 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(6)/2018 തീയതി. 23.05.2018 | 7 | |
| 2012-13 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- ( പി-13) 507(7)/2018 തീയതി. 23.05.2018 | 2 | |
| 2013-2014 | കെ.എസ്.എ -ഇ.കെ.എം (പി-11) 1783/15 തീയതി. 25.11.2015 | 1 | |
| 2014-2015 | കെ.എസ്.എ -ഇ.കെ.എം (പി-11) 884/16 തീയതി. 06.06.2016 | Nil | |
| 2015-2016 | കെ.എസ്.എ -ഇ.കെ.എം (പി-13) 1922/16 തീയതി. 05.11.2016 | 6 | |
| 2016-2017 | കെ.എസ്.എ -ഇ.കെ.എം (പി-13) 1593/17 തീയതി. 21.10.2017 | 10 | |
| 2017-2018 | കെ.എസ്.എ -ഇ.കെ.എം (പി-11) 2166/18 തീയതി. 01.12.2018 | 3 | |
| 2018-2019 | കെ.എസ്.എ -ഇ.കെ.എം (പി-13) 1574/19 തീയതി. 9.01.2020 | 3 | |
| 2019-2020 | കെ.എസ്.എ -ഇ.കെ.എം (പി-13) 730/2021 തീയതി.29.06.2021 | 9 | |

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്